കേന്ദ്ര ഗവൺമെൻറ്

നിയമ ന്യായ കമ്പനി മന്ത്രാലയം

सत्यमेव जयते

# അപായകരമായ മയക്കുമരുന്നുകൾ ആക്റ്റ്, 1930

(1930–ലെ 2–ാം നമ്പർ ആക്റ്റ്)

യൂണിയൻ ഗവൺമെൻറിനുവേണ്ടി കേരള ഗവൺമെൻറ് പ്രസ് സൂപ്രണ്ട്
തിരുവനന്തപുരം ഗവൺമെൻറ് പ്രസ്സിൽ അച്ചടിച്ച്
പ്രസിദ്ധീകരിക്കുന്നത്

1980

# അപായകരമായ മയക്കുമരുന്നുകൾ ആക്ററ് 1930

## വകുപ്പുകളുടെ വിന്യാസം

### അദ്ധ്യായം 1

### പ്രാരംഭികം

വകുപ്പുകൾ

1. ചുരുക്കപ്പേരും വ്യാപ്തിയും പ്രാരംഭവും.
2. നിർവ്വചനങ്ങൾ.
3. ദ്രാവക തയ്യാറിപ്പുകളിലെ ശതമാനങ്ങൾ കണക്കാക്കുന്നത്.

### അദ്ധ്യായം 2

### നിരോധനവും നിയന്ത്രണവും

4. ചില പ്രവർത്തനങ്ങളുടെ നിരോധനം.
5. കറുപ്പിന്റെ ഉൽപ്പാദനത്തിൻമേലും സപ്ലൈയിൻമേലും കേന്ദ്ര ഗവൺമെന്റിന്റെ നിയന്ത്രണം.
6. നിർമ്മിത മയക്കുമരുന്നുകളുടെ നിർമ്മാണത്തിൻമേലുള്ള കേന്ദ്ര ഗവൺമെന്റിന്റെ നിയന്ത്രണം.
7. കര അതിർത്തിയിലേയും കടൽ അതിർത്തിയിലേയും പ്രവർത്തനങ്ങളിൻമേൽ കേന്ദ്രഗവൺമെന്റിന്റെ നിയന്ത്രണം.
8. നിർമ്മിത മയക്കുമരുന്നുകളിലും കോക ഇലയിലുമുള്ള ആഭ്യന്തര കച്ചവടത്തിൻമേലുമുള്ള സ്റേററ് ഗവൺമെന്റിന്റെ നിയന്ത്രണം.
9. അപായകരമായ മയക്കുമരുന്നുകളുടെ ബാഹ്യ വ്യാപാരങ്ങളിൻമേൽ സ്റേററ് ഗവൺമെന്റിന്റെ നിയന്ത്രണം.

### അദ്ധ്യായം 3

### കുററങ്ങളും ദണ്ഡനങ്ങളും

10. നാലാം വകുപ്പിന്റെ ഉല്ലംഘനത്തിനുള്ള ശിക്ഷ.
11. അഞ്ചാം വകുപ്പിന്റെ ഉല്ലംഘനത്തിനുള്ള ശിക്ഷ.
12. ആറാം വകുപ്പിന്റെ ഉല്ലംഘനത്തിനുള്ള ശിക്ഷ.
13. ഏഴാം വകുപ്പിന്റെ ഉല്ലംഘനത്തിനുള്ള ശിക്ഷ.
14. എട്ടാം വകുപ്പിന്റെ ഉല്ലംഘനത്തിനുള്ള ശിക്ഷ-
15. കെട്ടിട പരിസരങ്ങൾ ഒരു കുററം ചെയ്യാൻ ഉപയോഗിക്കാൻ അനുവദിക്കുന്നതിനുള്ള ശിക്ഷ.
16. മുൻ കുററ സ്ഥാപനത്തിനുശേഷം ചില കുററങ്ങൾക്കുള്ള വർദ്ധിപ്പിച്ച ശിക്ഷ.
17. മുൻ കുററ സ്ഥാപനത്തിനുശേഷം പതിനഞ്ചാം വകുപ്പിൻകീഴിലെ കുററത്തിനുള്ള വർദ്ധിപ്പിച്ച ശിക്ഷ.
18. ചില കുററങ്ങൾ ചെയ്യാതിരിക്കുന്നതിനുള്ള ജാമ്യം.
19. 9-ാം വകുപ്പിന്റെ ഉല്ലംഘനത്തിനുള്ള ദണ്ഡനം.
20. ശ്രമങ്ങൾ
21. പ്രേരണകൾ.

## അദ്ധ്യായം 4

### നടപടിക്രമം

22. വാറണ്ടുകൾ പുറപ്പെടുവിക്കാനുള്ള അധികാരം.
23. വാറണ്ടുകൂടാതെ പ്രവേശിക്കുകയും ശോധനചെയ്യുകയും പിടിച്ചെടുക്കുകയും അറസ്റ്റുചെയ്യുകയും ചെയ്യാനുള്ള അധികാരം.
24. പൊതുസ്ഥലങ്ങളിൽവച്ച് പിടിച്ചെടുക്കാനും അറസ്റ്റുചെയ്യാനുമുള്ള അധികാരം.
25. ശോധനകളും അറസ്റ്റുകളും ചെയ്യുന്നതിന്റെ സമ്പ്രദായം.
26. അന്യോന്യം സഹായിക്കാൻ ഉദ്യോഗസ്ഥൻമാർക്കുള്ള കടപ്പാടുകൾ.
27. അറസ്റ്റുകളും പിടിച്ചെടുക്കലുകളും റിപ്പോർട്ടുചെയ്യൽ.
28. അസഹ്യതയുണ്ടാക്കുന്ന പ്രവേശനത്തിനോ ശോധനയ്ക്കോ പിടിച്ചെടുക്കലിനോ അറസ്റ്റിനോ ഉള്ള ശിക്ഷ.
29. അറസ്റ്റുചെയ്യപ്പെട്ട ആളുകളേയും പിടിച്ചെടുക്കപ്പെട്ട സാധനങ്ങളും കൈകാര്യം ചെയ്യൽ.
30. എക്സൈസ് ഉദ്യോഗസ്ഥൻമാരിൽ ഒരു പോലീസ് സ്റ്റേഷന്റെ ചാർജ്ജുള്ള ഉദ്യോഗസ്ഥന്റെ അധികാരങ്ങൾ നിക്ഷിപ്തമാക്കാനുള്ള അധികാരം.
31. റദ്ദാക്കപ്പെട്ടു.
32. നിയമവിരുദ്ധസാധനങ്ങളുടെ കൈവശത്തിൽനിന്നുള്ള അനുമാനം.
33. നിയമവിരുദ്ധസാധനങ്ങളുടെ കണ്ടുകെട്ടലിനുള്ള വിധേയത്വം.
34. കണ്ടുകെട്ടൽ നടത്തുന്നതിലെ നടപടിക്രമം.
35. കണ്ടുകെട്ടിയ സാധനങ്ങൾ കൈകാര്യം ചെയ്യുന്നതും, പ്രതിഫലങ്ങളും, ക്രമപ്പെടുത്തുന്ന ചട്ടങ്ങൾ ഉണ്ടാക്കാനുള്ള അധികാരം.

## അദ്ധ്യായം 5

### പലവക

36. ചട്ടങ്ങൾ സംബന്ധിച്ച വ്യവസ്ഥകൾ.
37. ഗവൺമെന്റിനു കിട്ടാനുള്ള തുകകൾ വസൂലാക്കൽ.
38. കടൽ കസ്റ്റംസ് ആക്റ്റ്, 1878-ന്റെ ബാധകത.
39. തദ്ദേശനിയമങ്ങളും പ്രത്യേകനിയമങ്ങളും ഒഴിവാക്കൽ.
40. റദ്ദാക്കപ്പെട്ടു.
41. മുൻപേ ചെയ്ത കാര്യങ്ങൾ ഒഴിവാക്കൽ.

പട്ടിക I പട്ടിക II റദ്ദാക്കപ്പെട്ടു.

# അപായകരമായ മയക്കുമരുന്നുകൾ ആക്റ്റ്, 1930
## (1930-ലെ 2)

1930 മാർച്ച് 1

അപായകരമായ മയക്കുമരുന്നുകൾ സംബന്ധിച്ച ചില പ്രവർത്തനങ്ങളുടെ മേലുള്ള നിയന്ത്രണം കേന്ദ്രീകരിക്കുകയും, കേന്ദ്രഗവൺമെൻറിൽ നിക്ഷിപ്തമാക്കുകയും ചെയ്യുന്നതിനും, അങ്ങനെയുള്ള പ്രവർത്തനങ്ങൾ സംബന്ധിച്ച കുററങ്ങൾക്കുള്ള ദണ്ഡനങ്ങൾ വർദ്ധിപ്പിക്കുകയും ഏകരൂപമാക്കുകയും ചെയ്യുന്നതിനുമുള്ള ആക്റ്റ്.

ലീഗ് അഫ് നേഷൻസ് അസംബ്ലിയുടെ 1923 സെപ്ററംബർ 27-ാം ദിവസത്തെ പ്രമേയം അനുസരിച്ച് വിളിച്ചുകൂട്ടിയതും, 1924 നവംബർ 17-ാം ദിവസം ജനീവയിൽ യോഗം കൂടുകയും 1925 ഫെബ്രുവരി 19-ാം ദിവസം അപായകരമായ മയക്കുമരുന്നുകൾ സംബന്ധിച്ച ഉടമ്പടി (ഇതിൽ ഇതിനുശേഷം ജനീവ ഉടമ്പടി എന്നു പരാമർശിക്കപ്പെടുന്നത്) അംഗീകരിക്കുകയും ചെയ്തതുമായ രണ്ടാം അന്താരാഷ്ട്ര കറുപ്പ് സമ്മേളനത്തിൽ ഇൻഡ്യ പങ്കെടുത്തിരുന്നതിനാലും,

ഇൻഡ്യ മുൻപറഞ്ഞ ജനീവാ ഉടമ്പടിയിൽ ഒപ്പുവച്ച ഒരു സ്റേററ് ആയിരുന്നതിനാലും,

മുൻപറഞ്ഞ ജനീവാ ഉടമ്പടിയിലെ, കാൺട്രാക്ററ് ചെയ്ത കക്ഷികൾ, അപായകരമായ മയക്കുമരുന്നുകളുടെ വിശേഷിച്ചും, കറുപ്പ്, ഇൻഡ്യൻ ചണം, കോകാ ഇല എന്നിവയിൽനിന്നു ലഭിക്കുന്ന മയക്കുമരുന്നുകളുടെ നിയമനിഷിദ്ധകച്ചവടവും ദുരുപയോഗവും അമർത്തുന്നതിന് കൂടുതൽ നടപടി— അങ്ങനെയുള്ള നടപടി കൂടുതൽ വിശദമായി മുൻപറഞ്ഞ ജനീവാ ഉടമ്പടിയുടെ അനുച്ഛേദങ്ങളിൽ പ്രതിപാദിച്ചിട്ടുണ്ട്—
എടുക്കാൻ തീരുമാനിച്ചിരുന്നതിനാലും,

മുൻപറഞ്ഞ നടപടികൾ ഫലപ്രദമായി നടപ്പിലാക്കുന്നതിന് അപായകരമായ മയക്കു മരുന്നുകൾ സംബന്ധിച്ച ചില പ്രവർത്തനങ്ങളുടെ നിയന്ത്രണം കേന്ദ്രീകരിക്കുകയും കേന്ദ്രഗവൺമെൻറിൽ നിക്ഷിപ്തമാക്കുകയും ചെയ്യേണ്ടത് സമീചീനമായിരിക്കുകയാലും ;

അപായകരമായ മയക്കുമരുന്നുകൾ സംബന്ധിച്ച ചില കുററങ്ങൾക്കുള്ള ദണ്ഡനങ്ങൾ വർദ്ധിപ്പിക്കുകയും, ചില പ്രവർത്തനങ്ങൾ സംബന്ധിച്ച എല്ലാ ദണ്ഡനങ്ങളും ഏകരൂപമാക്കുകയും ചെയ്യേണ്ടതും സമീചീനമായിരിക്കുകയാലും ;

ഇതിനാൽ താഴെ പറയുംപ്രകാരം അധിനിയമം ചെയ്തിരിക്കുന്നു :—

## അദ്ധ്യായം I

## പ്രാരംഭികം

1. ചുരുക്കപ്പേരും വ്യാപ്തിയും പ്രാരംഭവും.—(1) ഈ ആക്റ്റിന് അപായകരമായ മയക്കുമരുന്നുകൾ ആക്റ്റ്, 1930 എന്ന് പേർ പറയാവുന്നതാണ്.

2. ഇത് ഇൻഡ്യ മുഴുവൻ വ്യാപിക്കുന്നതാകുന്നു.

3. ഇത്, കേന്ദ്രഗവൺമെൻറ് ഔദ്യോഗിക ഗസററിൽ വിജ്ഞാപനം വഴി നിശ്ചയിക്കുന്ന തീയതി പ്രാബല്യത്തിൽ വരുന്നതാകുന്നു.

2. നിർവ്വചനങ്ങൾ.—ഈ ആക്റ്റിൽ, വിഷയത്തിലോ സന്ദർഭത്തിലോ വിരുദ്ധമായി എന്തെങ്കിലും ഇല്ലാത്തപക്ഷം,—

(ക) "കോക ഇല" യ്ക്ക്,—

(i) ഏതെങ്കിലും കോകാച്ചെടിയുടേയും, അതായത് എരിത്രോകസിലോൺ കോകാ (ലാംക്) യുടേയും എരിത്രോകസിലോൺ നോവോ-ഗ്രാനാറെറൻസി (ഹിയെൺ) ൻേറയും, അവയുടെ വ്യത്യസ്ത തരങ്ങളുടേയും, ഈ ആക്റ്റിൻെറ ആവശ്യങ്ങൾക്ക് കോകാച്ചെടികളാണെന്ന് കേന്ദ്ര ഗവൺമെൻറ് ഔദ്യോഗിക ഗസററിൽ വിജ്ഞാപനം വഴി, പ്രഖ്യാപിക്കുന്ന ഈ ജനസിലെ മററു ഏതെങ്കിലും ജാതികളുടേയും ഇലയും ഇളം ചില്ലകളും:

അവയുടെ ഉദാസീന പദാർത്ഥങ്ങളോടുകൂടിയതോ കൂടാത്തതോ ആയ ഏതെങ്കിലും മിശ്രവും,

എന്നർത്ഥമാകുന്നതും, എന്നാൽ അതിൽ 0.1 ശതമാനത്തിൽ അധികമല്ലാതെ കോക്കെയിൻ അടങ്ങുന്ന ഏതെങ്കിലും തയ്യാറിപ്പ് ഉൾപ്പെടുന്നതല്ലാത്തതു മാകുന്നു.

(ഖ) "കോകാ വ്യുൽപന്ന" ത്തിന്,—

(i) അപരിഷ്കൃത കൊക്കെയിൻ, അതായത്, കോകാ ഇലയുടെ കൊക്കെയിൻ നിർമ്മാണത്തിന് നേരിട്ടോ നേരിട്ടല്ലാതെയോ ഉപയോഗിക്കാവുന്ന ഏതെങ്കിലും സത്തും;

(ii) എക്ഗോണിൻ അതായത് $C_9 H_{15} N_3 H_{20}$ എന്ന രാസസൂത്രമുള്ള ലെവോ-എക്ഗോണിനും, എടുക്കാവുന്ന ലെവോ എക്ഗോണിൻെറ എല്ലാ വ്യുൽപ്പന്നങ്ങളും ;

(iii) കൊക്കെയിൻ, അതായത് $C_{17} H_{21} N_4$ എന്ന രാസസൂത്രമുള്ള മെഥിൻ-ബെൻസോയിൽ-ലേവോ-എക്ഗോണിനും അതിൻെറ ലവണങ്ങളും;

(iv) 0.1 ശതമാനത്തിൽ കൂടുതൽ കോക്കയിൻ അടങ്ങുന്ന സജ്ജിത മരുന്നോ അല്ലാത്തതോ ആയ എല്ലാ തയ്യാറിപ്പുകളും,

എന്നർത്ഥമാകുന്നു.

(ഗ) 'ചണം' എന്നാൽ,—

(i) ഭാംഗ് എന്നോ സിദ്ധി എന്നോ, കഞ്ചാവ് എന്നോ അറിയപ്പെടുന്ന എല്ലാ രൂപങ്ങളുമുൾപ്പെടെയുള്ള, ഇൻഡ്യൻ ചണച്ചെടിയുടെ (കനാബിസ് സ്ററീവാലാ) ഇലകളും ചെറിയ തണ്ടുകളും, പുഷ്പിക്കുന്നതോ കായ്ക്കുന്നതോ ആയ തലപ്പുകളും ;

(ii) ചരസ്സും, അതായത്, ഇൻഡ്യൻ ചണച്ചെടിയിൽനിന്ന് ലഭിക്കുന്നതും പായ്ക്കിങ്ങിനും, പരിവഹണത്തിനും ആവശ്യകമായവയല്ലാത്ത ഏതെങ്കിലും കൈകാര്യങ്ങൾക്ക് വിധേയമാക്കിയിട്ടില്ലാത്തതുമായ റെസിനും

(iii) ചണത്തിന്റെ മേൽപ്പറഞ്ഞ രൂപങ്ങളുടെ ഉദാസീനപദാർത്ഥങ്ങളോടുകൂടിയതോ കൂടാത്തതോ ആയ ഏതെങ്കിലും മിശ്രവും, അല്ലെങ്കിൽ അതിൽനിന്നു തയ്യാറാക്കുന്ന ഏതെങ്കിലും പാനീയവും ;
എന്നർത്ഥമാകുന്നു.

(ഘ) "ഔഷധീയചണ"ത്തിന്, ചണത്തിന്റെ ഏതെങ്കിലും സത്തോ, റിഞ്ചറോ എന്നർത്ഥമാകുന്നു.

(ങ) "കറുപ്പ്" എന്നാൽ,—

(i) പാപ്പി (പപ്പേവർ സോമ്നിഫെറംലി) യുടെ വിത്തുറകളും, അവ അവയുടെ മൂലരൂപത്തിലോ, മുറിച്ചതോ ചതച്ചതോ പൊട്ടിച്ചതോ ആയിരിക്കുകയോ, അതിൽനിന്ന്, ചാറ് എടുത്തിട്ടുണ്ടായിരിക്കുകയോ, അല്ലാതിരിക്കുകയോ ചെയ്താലും—;

(ii) അങ്ങനെയുള്ള വിത്തുറകളുടെ പായ്ക്കിങ്ങിനും പരിവഹണത്തിനും ആവശ്യകമായവയല്ലാത്ത ഏതെങ്കിലും കൈകാര്യങ്ങൾക്ക് വിധേയമാക്കിയിട്ടില്ലാത്ത സ്വയം ഉറകൂടിയ ചാറും,

(iii) കറുപ്പിന്റെ മേൽപ്പറഞ്ഞ രൂപങ്ങളുടെ ഉദാസീന പദാർത്ഥങ്ങളോടുകൂടിയതോ കൂടാത്തതോ ആയ ഏതെങ്കിലും മിശ്രവും.
എന്നർത്ഥമാകുന്നതും, എന്നാൽ അതിൽ 0.2 ശതമാനത്തിലധികമല്ലാതെ മാർഫിൻ അടങ്ങുന്ന ഏതെങ്കിലും തയ്യാറിപ്പ് ഉൾപ്പെടുന്നതല്ലാത്തതും ആകുന്നു.

(ച) "കറുപ്പ് വ്യുൽപ്പന്നം" എന്നാൽ,—

(i) ബ്രീട്ടീഷ് ഫാർമകോപ്പിയ വേണ്ടതായി പറയുന്നവ അനുസരിച്ച്, അതിനെ ഔഷധീയ ഉപയോഗത്തിന് പററിയതാക്കാൻ ആവശ്യകമായ പ്രക്രിയകൾക്ക് വിധേയമായിട്ടുള്ള കറുപ്പും,— അത് പൊടിയുടെ രൂപത്തിലുള്ളതോ മണി മണിയായിട്ടുള്ളതോ മററുവിധത്തിലുള്ളതോ, അല്ലെങ്കിൽ ഉദാസീന പദാർത്ഥങ്ങൾ കലർന്നതോ ആയാലും;

(ii) സജ്ജിത കറുപ്പ്, അതായത്,
കറുപ്പിനെ പുകവലിയ്ക്കു അനുയോജ്യമായ ഒരു സത്തായി രൂപാന്തരപ്പെടുത്താൻ ഉദ്ദേശിച്ചുകൊണ്ടുള്ള ഏതെങ്കിലും പ്രവർത്തനങ്ങളുടെ പരമ്പരവഴി ലഭിക്കുന്ന, ഏതെങ്കിലും കറുപ്പ് ഉൽപ്പന്നവും, കറുപ്പിന്റെ പുകവലിച്ചതിനുശേഷമുള്ള ചണ്ടിയും അല്ലെങ്കിൽ മററ് ശേഷവും;

(iii) മോർഫിനും, അതായത് കറുപ്പിന്റെ C 17 H 19 No. 3 എന്ന രാസസൂത്രമുള്ള മുഖ്യ ആല്ക്കലായിയും അതിന്റെ ലവണങ്ങളും;

(iv) ഡൈസെററിൽ മോർഫിൻ, അതായത് C 21H 23 No 5 എന്ന രാസസൂത്രമുള്ള ഡയമോർഫിൻ എന്നോ ഹെറോയിൻ എന്നോ അറിയപ്പെടുന്നതുമായ ആൽക്കലോയിഡും അതിന്റെ ലവണങ്ങളും,

(v) 0.2 ശതമാനത്തിലധികം മോർഫിൻ അടങ്ങുന്നതോ, വല്ല ഡയസെററിൻമോർഫിനും അടങ്ങുന്നതോ ആയ സജ്ജിതമരുന്നോ അല്ലാത്തതോ ആയ എല്ലാ തയ്യാറിപ്പുകളും,
എന്നർത്ഥമാകുന്നു.

(ഛ) "നിർമ്മിതമയക്കുമരുന്നി" ൽ,—

(i) എല്ലാ കോകാ വ്യുൽപ്പന്നങ്ങളും,
ഔഷധീയചണവും, കറുപ്പ് വ്യുൽപ്പന്നങ്ങളും,

(ii) ജനീവാ ഉടമ്പടിയുടെ 10-ാം അനുച്ഛേദത്തിൻ കീഴിലെ ഒരു ശിപാർശ അനുസരിച്ചോ, അല്ലെങ്കിൽ ജനീവാ ഉടമ്പടിക്കുഅനുപൂരകമായ ഏതെങ്കിലും അന്താരാഷ്ട്രീയഉടമ്പടി അനുസരിച്ചോ, കേന്ദ്രഗവൺമെൻറ് ഔദ്യോഗിക ഗസററിൽ വിജ്ഞാപനംവഴി, നിർമ്മിതമയക്കുമരുന്നായി പ്രഖ്യാപിക്കുന്ന മറേറതെങ്കിലും മയക്കുപദാർത്ഥവും,

ഉൾപ്പെടുന്നതും, എന്നാൽ അതിൽ ജനീവാ ഉടമ്പടിയുടെ 8-ാം അനുച്ഛേദത്തിൻ കീഴിലെ ഒരു തീർപ്പു അനുസരിച്ചോ അല്ലെങ്കിൽ ജനീവാ ഉടമ്പടിയ്ക്ക് അനുപുരകമായ ഏതെങ്കിലും അന്താരാഷ്ട്രീയ ഉടമ്പടി അനുസരിച്ചോ, കേന്ദ്രഗവൺമെൻറ് ഔദ്യോഗിക ഗസററിൽ വിജ്ഞാപനം വഴി നിർമ്മിതമയക്കു മരുന്നല്ലെന്ന് പ്രഖ്യാപിക്കുന്ന ഏതെങ്കിലും തയ്യാറിപ്പ്, ഉൾപ്പെടുന്നതല്ലാത്തതുമാകുന്നു.

(ജ) "അപായകരമായ മയക്കുമരുന്നി"ൽ, കോകാ ഇലയും, ചണവും കറുപ്പും. എല്ലാ നിർമ്മിത മയക്കു മരുന്നുകളും ഉൾപ്പെടുന്നു.

(ഝ) "ഇൻഡ്യയിലേക്ക് ഇറക്കുമതി ചെയ്യുക" എന്നാൽ, കരമാർഗ്ഗമോ കടൽമാർഗ്ഗമോ വായുമാർഗ്ഗമോ ആയി കേന്ദ്രഗവൺമെൻറ് നിർവ്വചിക്കുന്ന ഏതെങ്കിലും കസ്ററംസ് അതിർത്തികൾ കടത്തി ഇൻഡ്യയിലേക്ക് കൊണ്ടുവരിക എന്നർത്ഥമാകുന്നതും, അതിൽ, ഇൻഡ്യയ്ക്കു വെളിയിലേക്ക് കൊണ്ടുപോകാൻ ഉദ്ദേശിക്കപ്പെടുന്ന ഒരു അപായകരമായ മയക്കു മരുന്നു അത് കൊണ്ടുപോകുന്ന കപ്പലിൽനിന്നോ, വാഹനത്തിൽ നിന്നോ നീക്കം ചെയ്യാതെ ഇൻഡ്യയിലെ ഏതെങ്കിലും തുറമുഖത്തിനുള്ളിലേയ്ക്കോ സ്ഥലത്തിനുള്ളിലേയ്ക്കോ കൊണ്ടുവരുന്നത് ഉൾപ്പെടുന്നതും ആകുന്നു.

(ഞ) "പ്രവിശ്യകൾക്കിടയിൽ ഇറക്കുമതി ചെയ്യുക" എന്നാൽ, മുൻപറഞ്ഞ ഏതെങ്കിലും കസ്ററംസ് അതിർത്തികൾ കടത്തിയല്ലാതെ ഒരു സ്റേററിലേയ്ക്കു കൊണ്ടുവരിക എന്നർത്ഥമാകുന്നു.

(ട) " ഇൻഡ്യയിൽ നിന്ന് കയററുമതി ചെയ്യുക" എന്നാൽ, കര മാർഗ്ഗമോ കടൽ മാർഗ്ഗമോ വായുമാർഗ്ഗമോ, മുൻപറഞ്ഞ ഏതെങ്കിലും കസ്ററംസ് അതിർത്തികൾ കടത്തി, ഇൻഡ്യയ്ക്കു വെളിയിലേയ്ക്കു കൊണ്ടുപോവുക എന്നർത്ഥമാകുന്നു;

(ഠ) "പ്രവിശ്യകൾക്കിടയിൽ കയററുമതി ചെയ്യുക" എന്നാൽ, മുൻപറഞ്ഞ ഏതെങ്കിലും കസ്ററംസ് അതിർത്തികൾ കടത്തിയല്ലാതെ ഒരു സ്റേററിന് വെളിയിൽ കൊണ്ടുപോവുക എന്നർത്ഥമാകുന്നു.

(ഠഠ) [1956-ലെ 62-ാം നമ്പർ ആക്ററ് 2-ാം വകുപ്പിനാലും പട്ടികയാലും വിട്ടുകളയപ്പെട്ടു]

(ഡ) " പരിവഹണം ചെയ്യുക" എന്നാൽ, ഒരേ സ്റേററിൽ, ഒരു സ്ഥലത്തുനിന്നു മറെറാരു സ്ഥലത്തേക്കു കൊണ്ടുപോവുക എന്നർത്ഥമാകുന്നു.

3. <u>ദ്രാവക തയ്യാറിപ്പുകളിലെ ശതമാനങ്ങൾ കണക്കാക്കുന്നത്</u>:— കേന്ദ്രഗവൺമെൻറിന്, 2-ാം വകുപ്പ് (ക) (ഖ) (ങ) (ച) എന്നീ ഖണ്ഡങ്ങളുടെ ആവശ്യങ്ങൾക്ക്, ദ്രാവക തയ്യാറിപ്പുകളുടെ സംഗതിയിൽ, ശതമാനങ്ങൾ കണക്കാക്കേണ്ട സംപ്രദായം നിർണ്ണയിക്കുന്ന ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

എന്നാൽ, അങ്ങനെയുള്ള ചട്ടങ്ങൾ ഉണ്ടാക്കാത്ത പക്ഷവും ഉണ്ടാക്കുന്നതുവരെയും, അങ്ങനെയുള്ള ശതമാനങ്ങൾ, ഒരു പദാർത്ഥം ഒരു ശതമാനം അടങ്ങുന്ന ഒരു തയ്യാറിപ്പ് എന്നാൽ, ആ തയ്യാറിപ്പിന്റെ ഓരോ നൂറ് മില്ലീലിററിലും, ആ പദാർത്ഥത്തിന്റെ ഘനപദാർത്ഥമാണെങ്കിൽ ഒരു ഗ്രാമോ, ദ്രാവകമാണെങ്കിൽ ഒരു മില്ലിലിററോ അടങ്ങുന്ന തയ്യാറിപ്പ് എന്നർത്ഥമാകുന്നതാണെന്ന അടിസ്ഥാനത്തിലും, അതേപ്രകാരത്തിലുള്ള അനുപാതത്തിലും കണക്കാക്കേണ്ടതാകുന്നു.

## അദ്ധ്യായം III

## നിരോധനവും നിയന്ത്രണവും

4. ചില പ്രവർത്തനങ്ങളുടെ നിരോധനം.— (1) യാതൊരാളും

(ക) ഏതെങ്കിലും കോകാച്ചെടി കൃഷി ചെയ്യുകയോ, കോകാച്ചെടിയുടെ ഏതെങ്കിലും ഭാഗം ശേഖരിക്കുകയോ,

(ഖ) സജ്ജിത കറുപ്പ് നിയമാനുസൃത കറുപ്പ് കൈവശമുള്ള ആളുടെ ഉപഭോഗത്തിനായി അപ്രകാരം കൈവശം വയ്ക്കുന്ന കറുപ്പിൽ നിന്ന് സജ്ജമാക്കിയതല്ലാത്തപക്ഷം, നിർമ്മിക്കുകയോ കൈവശം വയ്ക്കുകയോ,

(ഗ) സജ്ജിത കറുപ്പ് ഇൻഡ്യയിലേക്ക് ഇറക്കുമതി ചെയ്യുകയോ, ഇൻഡ്യയിൽനിന്ന് കയററുമതി ചെയ്യുകയോ, ഒരു വാഹനത്തിൽ നിന്ന് മറെറാന്നിലേക്ക് മാററുകയോ, അല്ലെങ്കിൽ വില്ക്കുകയോ, ചെയ്യാൻ പാടുള്ളതല്ല.

എന്നാൽ, ഈ വകുപ്പ് ഗവൺമെൻറിനുവേണ്ടി ഏതെങ്കിലും കോകാച്ചെടി കൃഷിചെയ്യുകയോ, അതിന്റെ ഏതെങ്കിലും ഭാഗം ശേഖരിക്കുകയോ ചെയ്യുന്നതിന് ബാധകമായിരിക്കുന്നതല്ല,

(2) സ്റേററ് ഗവൺമെൻറിന് (1)-ാം ഉപവകുപ്പ് (ഖ) ഖണ്ഡത്തിൻ കീഴിൽ നിയമാനുസൃതം കൈവശമുള്ള കറുപ്പിൽ നിന്ന് സജ്ജിത കറുപ്പ് നിർമ്മിക്കുകയും കൈവശം വയ്ക്കുകയും ചെയ്യുന്നത് നിയന്ത്രിക്കുകയും ക്രമപ്പെടുത്തുകയും ചെയ്യുന്ന ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

5. കറുപ്പിന്റെ ഉൽപ്പാദനത്തിൻമേലും സപ്ലൈയിൻമേലും കേന്ദ്രഗവൺമെൻറിന്റെ നിയന്ത്രണം.—(1) യാതൊരാളും

(ക) പാപ്പി (പപ്പാവേർ സോംമാനി ഫെറംലി) കൃഷിചെയ്യുകയോ

(ഖ) കറുപ്പ് നിർമ്മിക്കുകയോ, (2)-ാം ഉപവകുപ്പിൻകീഴിൽ ഉണ്ടാക്കപ്പെടുന്ന ചട്ടങ്ങൾ അനുസരിച്ചും ആ ചട്ടങ്ങളിൻ കീഴിൽ അയാളോട് സമ്പാദിക്കണമെന്ന് ആവശ്യപ്പെടുന്നതും അപ്രകാരം കൃഷിചെയ്യുകയോ നിർമ്മിക്കുകയോ ചെയ്യുന്നതിനുവേണ്ടിയുള്ളതുമായ ഏതെങ്കിലും ലൈസൻസിലെ ഉപാധികൾ അനുസരിച്ചുമല്ലാതെ ചെയ്യുവാൻ പാടുള്ളതല്ല.

(2) കേന്ദ്രഗവൺമെൻറിന് പാപ്പി (പപ്പാവേർസോംമനിഫെറംലി) യുടെ കൃഷിയും കറുപ്പിന്റെ നിർമ്മാണവും അനുവദിക്കുകയും ക്രമപ്പെടുത്തുകയും ചെയ്യുന്ന ചട്ടങ്ങൾ ഉണ്ടാക്കാവുന്നതും, അങ്ങനെയുള്ള ചട്ടങ്ങൾ അങ്ങനെയുള്ള കൃഷിക്കും നിർമ്മാണത്തിനുമുള്ള ലൈസൻസുകളുടെ ഫാറവും ഉപാധികളും, അങ്ങനെയുള്ള ലൈസൻസുകൾ നൽകാവുന്ന അധികാരസ്ഥാനങ്ങളേയും അതിന് ചാർജ്ജ് ചെയ്യാവുന്ന ഫീസും, അങ്ങനെയുള്ള കൃഷിയിൻമേലും നിർമ്മാണത്തിൻമേലും കേന്ദ്രഗവൺമെൻറിന്റെ നിയന്ത്രണം ഫലപ്രദമാക്കുന്നതിനുവേണ്ട മറെറതെങ്കിലും വിഷയവും നിർണ്ണയിക്കാവുന്നതും ആകുന്നു.

(3) കേന്ദ്രഗവൺമെൻറിന്, ഗവൺമെൻറ് ഫാക്ടറികളിൽ നിന്ന് കയററുമതിക്കായോ, സ്റേററു് ഗവൺമെൻറുകൾക്കോ, ഔഷധനിർമ്മാതാക്കൾക്കോ കറുപ്പ് വിൽക്കുന്നത് അനുവദിക്കുകയും ക്രമപ്പെടുത്തുകയും ചെയ്യുന്ന ചട്ടങ്ങൾ ഉണ്ടാക്കുകയും ചെയ്യാവുന്നതാണ്.

6. നിർമ്മിത മയക്കുമരുന്നുകളുടെ നിർമ്മാണത്തിൻമേലുള്ള കേന്ദ്രഗവൺമെൻറിൻെറ നിയന്ത്രണം.— 1. യാതൊരാളും, സജ്ജിത കറുപ്പല്ലാത്ത ഏതെങ്കിലും നിർമ്മിത മയക്കുമരുന്ന്, (2)-ാം ഉപവകുപ്പിൻ കീഴിൽ ഉണ്ടാക്കപ്പെടുന്ന ചട്ടങ്ങൾ അനുസരിച്ചും ആ ചട്ടങ്ങൾക്കുകീഴിൽ അയാളോട് സമ്പാദിക്കണമെന്ന് ആവശ്യപ്പെടുന്നതും, അത് നിർമ്മിക്കാനുള്ളതുമായ ഏതെങ്കിലും ലൈസൻസിലെ ഉപാധികൾ അനുസരിച്ചും അല്ലാതെ നിർമ്മിക്കാൻ പാടുള്ളതല്ല.

(2) കേന്ദ്രഗവൺമെൻറിന്, സജ്ജിത കറുപ്പല്ലാത്ത നിർമ്മിതമയക്കുമരുന്നുകളുടെ നിർമ്മാണം അനുവദിക്കുകയും ക്രമപ്പെടുത്തുകയും ചെയ്യുന്ന ചട്ടങ്ങൾ ഉണ്ടാക്കാവുന്നതും, അങ്ങനെയുള്ള ചട്ടങ്ങൾക്കു അങ്ങനെയുള്ള നിർമ്മാണത്തിനുള്ള ലൈസൻസുകളുടെ ഫാറവും ഉപാധികളും അങ്ങനെയുള്ള ലൈസൻസുകൾ നൽകുന്ന അധികാരസ്ഥാനങ്ങളെ അതിനു ചാർജു ചെയ്യാവുന്ന ഫീസും, അങ്ങനെയുള്ള നിർമ്മാണത്തിൻമേലുള്ള കേന്ദ്രഗവൺമെൻറിൻെറ നിയന്ത്രണം ഫലപ്രദമാക്കുന്നതിനുവേണ്ട മറേറതെങ്കിലും വിഷയവും നിർണ്ണയിക്കാവുന്നതുമാണ്.

(3) ഈ വകുപ്പിലെ യാതൊന്നും, ഉണ്ടാക്കുന്ന ആൾക്ക് കൈവശം വയ്ക്കാൻ നിയമാനുസൃതം അവകാശമുള്ള പദാർത്ഥങ്ങളിൽനിന്നുള്ള ഔഷധീയ കറുപ്പിൻേറയോ, അല്ലെങ്കിൽ മോർഫിനോ, ഡൈയാസെററിൽ മോർഫിനോ, കൊക്കേയനോ അടങ്ങുന്ന തയ്യാറിപ്പുകളുടേയോ നിർമ്മാണത്തിന് ബാധകമായിരിക്കുന്നതല്ല.

7. കരയതിർത്തിയിലേയും കടലതിർത്തിയിലേയും പ്രവർത്തനങ്ങളിൻമേൽ കേന്ദ്രഗവൺമെൻറിൻെറ നിയന്ത്രണം.—(1) യാതൊരാളും, സജ്ജിത കറുപ്പല്ലാത്ത ഏതെങ്കിലും അപായകരമായ മയക്കുമരുന്ന്—

(ക) ഇൻഡ്യയിലേയ്ക്ക് ഇറക്കുമതി ചെയ്യുകയോ,

(ഖ) ഇൻഡ്യയിൽനിന്ന് കയററുമതി ചെയ്യുകയോ,

(ഗ) ഒരു വാഹനത്തിൽനിന്ന് മറെറാന്നിലേയ്ക്കു മാററുകയോ,

(2)-ാം ഉപവകുപ്പിൻകീഴിൽ ഉണ്ടാക്കപ്പെടുന്ന ചട്ടങ്ങൾ അനുസരിച്ചും, ആ ചട്ടങ്ങൾക്കുകീഴിൽ അയാളോട് സമ്പാദിക്കണമെന്ന് ആവശ്യപ്പെടുന്നതും, അപ്രകാരം ഇറക്കുമതി ചെയ്യുകയോ കയററുമതി ചെയ്യുകയോ മാററുകയോ ചെയ്യുന്നതിനുവേണ്ടിയുള്ളതുമായ ഏതെങ്കിലും ലൈസൻസ് ഉപാധികൾ അനുസരിച്ചും അല്ലാതെ ചെയ്യാൻ പാടുള്ളതല്ല.

(2) കേന്ദ്രഗവൺമെൻറിന്, സജ്ജിത കറുപ്പല്ലാത്ത അപായകരമായ മയക്കുമരുന്നുകളുടെ ഇൻഡ്യയിലേയ്ക്കുള്ള ഇറക്കുമതിയും ഇൻഡ്യയിൽനിന്നുമുള്ള കയററുമതിയും ഒരു വാഹനത്തിൽനിന്ന് മറെറാന്നിലേയ്ക്കുള്ള മാററലും അനുവദിക്കുകയും, ക്രമപ്പെടുത്തുകയും ചെയ്യുന്ന ചട്ടങ്ങൾ ഉണ്ടാക്കാവുന്നതും, അങ്ങനെയുള്ള ചട്ടങ്ങൾക്ക് ഏതു തുറമുഖങ്ങളിലോ സ്ഥലങ്ങളിലോ വച്ചാണ് ഏതെങ്കിലും തരം അപായകരമായ മയക്കുമരുന്ന് ഇറക്കുമതി ചെയ്യുകയോ കയററുമതി ചെയ്യുകയോ, ഒരു വാഹനത്തിൽനിന്ന് മറെറാന്നിലേയ്ക്ക് മാററുകയോ ചെയ്യാവുന്നത് എന്നുള്ളതും, അങ്ങനെയുള്ള ഇറക്കുമതിക്കോ കയററുമതിക്കോ വാഹനം മാററലിനോ ഉള്ള ലൈസൻസുകളുടെ

ഫാറവും ഉപാധികളും, അങ്ങനെയുള്ള ലൈസൻസ് നൽകുന്ന അധികാരസ്ഥാനങ്ങളേയും, അതിന് ചാർജ്ജ് ചെയ്യാവുന്ന ഫീസും, അങ്ങനെയുള്ള ഇറക്കുമതിയിൻമേലും കയററുമതിയിൻമേലും വാഹനം മാററലിൻമേലും ഉള്ള കേന്ദ്രഗവൺമെൻറിൻെറ നിയന്ത്രണം ഫലപ്രദമാക്കുന്നതിനുവേണ്ട മറേറതെങ്കിലും വിഷയവും നിർണ്ണയിക്കാവുന്നതും ആകുന്നു.

8. <u>നിർമ്മിത മയക്കുമരുന്നുകളിലും കോക ഇലയിലുള്ള ആഭ്യന്തര കച്ചവടത്തിൻമേലുമുള്ള സ്റ്റേററ്റ്ഗവൺമെൻറിൻെറ നിയന്ത്രണം.—</u>

(1) യാതൊരാളും,

(ക) സജ്ജിത കറുപ്പല്ലാത്ത ഏതെങ്കിലും നിർമ്മിതമയക്കു മരുന്നോ കോക ഇലയോ, പ്രവിശ്യകൾക്കിടയിൽ ഇറക്കുമതി ചെയ്യുകയോ കയററുമതി ചെയ്യുകയോ, പരിവഹണം ചെയ്യുകയോ, കൈവശം വയ്ക്കുകയോ, വില്ക്കുകയോ അല്ലെങ്കിൽ

(ഖ) ഔഷധീയ കറുപ്പോ, അല്ലെങ്കിൽ മോർഫിനോ, ഡൈസെററിൽ മോർഫിനോ, കൊക്കയിനോ അടങ്ങുന്ന ഏതെങ്കിലും തയ്യാറിപ്പോ നിർമ്മിക്കുകയോ

(2)-ാം ഉപവകുപ്പിൻകീഴിലുണ്ടാക്കപ്പെടുന്ന ചട്ടങ്ങൾ അനുസരിച്ചും ആ ചട്ടങ്ങൾക്കുകീഴിൽ അയാളോട് സമ്പാദിക്കണമെന്ന് ആവശ്യപ്പെടുന്നതും അപ്രകാരം ഇറക്കുമതി ചെയ്യുകയോ കയററുമതി ചെയ്യുകയോ പരിവഹണം ചെയ്യുകയോ കൈവശം വയ്ക്കുകയോ വില്ക്കുകയോ നിർമ്മിക്കുകയോ ചെയ്യുന്നതിനുവേണ്ടിയുള്ളതുമായ ഏതെങ്കിലും ലൈസൻസിലെ ഉപാധികൾ അനുസരിച്ചും അല്ലാതെ ചെയ്യാൻ പാടുള്ളതല്ല.

(2) സ്റ്റേററ്റ് ഗവൺമെൻറിന്—

(ക) സജ്ജിത കറുപ്പ് അല്ലാത്ത നിർമ്മിതമയക്കുമരുന്നുകളുടേയും കോക ഇലയുടേയും, അതിൻെറ ഭരണത്തിൻകീഴിലുള്ള രാജ്യക്ഷേത്രങ്ങളിലേയ്ക്കും, രാജ്യക്ഷേത്രങ്ങളിൽനിന്നുമുള്ള പ്രവിശ്യകൾക്കിടയിലെ ഇറക്കുമതിയും കയററുമതിയും പരിവഹണവും കൈവശം വയ്ക്കലും, വിൽപനയും,

(ഖ) ഉണ്ടാക്കുന്ന ആൾക്ക്, കൈവശം വയ്ക്കാൻ നിയമാനുസൃതം അവകാശമുള്ള പദാർത്ഥങ്ങളിൽനിന്നുള്ള ഔഷധീയകറുപ്പിൻേറയോ, അല്ലെങ്കിൽ മോർഫിനോ ഡൈസെററിൽമോർഫിനോ, കൊക്കയിനോ അടങ്ങുന്ന ഏതെങ്കിലും തയ്യാറിപ്പിൻേറയോ നിർമ്മാണവും,

അനുവദിക്കുകയും ക്രമപ്പെടുത്തുകയുംചെയ്യുന്ന ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

അങ്ങനെയുള്ള ചട്ടങ്ങൾക്ക് അങ്ങനെയുള്ള ഇറക്കുമതിക്കും കയററുമതിയ്ക്കും പരിവഹണത്തിനും, കൈവശം വയ്ക്കലിനും വില്പനയ്ക്കും നിർമ്മാണത്തിനുമുള്ള ലൈസൻസുകളുടെ ഫാറവും ഉപാധികളും, അങ്ങനെയുള്ള ലൈസൻസുകൾ നൽകുന്ന അധികാരസ്ഥാനങ്ങളേയും അതിന് ചാർജ്ജ് ചെയ്യാവുന്ന ഫീസും അങ്ങനെയുള്ള ഇറക്കുമതിയിൻമേലും കയററുമതിയിൻമേലും പരിവഹണത്തിൻമേലും, കൈവശം വയ്ക്കലിൻമേലും, വില്പനയിൻമേലും നിർമ്മാണത്തിൻമേലുമുള്ള സ്റ്റേററ് ഗവൺമെൻറിൻെറ നിയന്ത്രണം ഫലപ്രദമാക്കുന്നതിനുവേണ്ട മറേറതെങ്കിലും വിഷയവും നിർണ്ണയിക്കാവുന്നതാണ്.

(3) (2)-ാം ഉപവകുപ്പിൻകീഴിൽ ഉണ്ടാക്കപ്പെടുന്ന ചട്ടങ്ങളിൽ പ്രകടമായി വ്യവസ്ഥ ചെയ്യുന്നവിധമൊഴികെ, ഈ വകുപ്പിലെ യാതൊന്നും, ഗവൺമെൻറിൻെറ സ്വത്തായതും അതിൻെറ കൈവശത്തിലുള്ളതുമായ നിർമ്മിതമയക്കുമരുന്നുകൾക്ക് ബാധകമായിരിക്കുന്നതല്ല.

എന്നാൽ, അങ്ങനെയുള്ള മയക്കുമരുന്നുകൾ, ഈ വകുപ്പിൻകീഴിൽ സ്റ്റേറ്റ്ഗവൺമെൻറിനാൽ ഉണ്ടാക്കപ്പെടുന്ന ചട്ടങ്ങളിൻകീഴിൽ, അവയുടെ കൈവശത്തിന് അവകാശമില്ലാത്ത ഏതെങ്കിലും ആൾക്ക് വില്ക്കുകയോ മററു വിധത്തിൽ നൽകുകയോ ചെയ്യാൻ പാടുള്ളതല്ല.

9. അപായകരമായ മയക്കുമരുന്നുകളുടെ ബാഹ്യവ്യാപാരങ്ങളിൻമേൽ സ്റ്റേററ് ഗവൺമെൻറിൻെറ നിയന്ത്രണം.—യാതൊരാളും, സ്റ്റേററ് ഗവൺമെൻറ് പൊതുവിവേകം ഉപയോഗിച്ചു നൽകുന്ന ഒരു ലൈസൻസിലെ ഉപാധികൾ അനുസരിച്ചല്ലാതെ, ഒരു അപായകരമായ മയക്കുമരുന്ന് ഇൻഡ്യയ്ക്കു വെളിയിൽവച്ചു ലഭിയ്ക്കുകയും ഇൻഡ്യയ്ക്കുവെളിയിൽ ഏതെങ്കിലും ആൾക്ക് സപ്ലൈ ചെയ്യുകയും ഏതെങ്കിലും വ്യാപാരത്തിൽ ഏർപ്പെടുകയോ അതിനെ നിയന്ത്രിക്കുകയോ ചെയ്യാൻ പാടുള്ളതല്ല.

## അദ്ധ്യായം III

## കുററങ്ങളും ദണ്ഡനങ്ങളും

10. 4-ാം വകുപ്പിൻെറ ഉല്ലംഘനത്തിനുള്ള ശിക്ഷ.—ഏതൊരാളാണോ

(ക) ഏതെങ്കിലും കോകാച്ചെടി കൃഷി ചെയ്യുകയോ, കോകാച്ചെടിയുടെ ഏതെങ്കിലും ഭാഗം ശേഖരിക്കുകയോ,

(ഖ) 4-ാം വകുപ്പിൻകീഴിൽ അനുവദിക്കുന്നവിധമല്ലാതെ സജ്ജിതകറുപ്പ് നിർമ്മിക്കുകയോ കൈവശം വയ്ക്കുകയോ,

(ഗ) സജ്ജിതകറുപ്പ് ഇൻഡ്യയിലേയ്ക്ക് ഇറക്കുമതി ചെയ്യുകയോ, ഇൻഡ്യയിൽനിന്ന് കയററുമതി ചെയ്യുകയോ ഒരു വാഹനത്തിൽനിന്ന് മററൊന്നിലേയ്ക്ക് മാററുകയോ അല്ലെങ്കിൽ വില്ക്കുകയോ,

ചെയ്യുന്നത്, അയാൾ പിഴയോടുകൂടിയതോ അല്ലാത്തതോ ആയ മൂന്നുവർഷത്തോളമാകാവുന്ന തടവുശിക്ഷ നൽകി ശിക്ഷിക്കപ്പെടുന്നതാണ്:

എന്നാൽ, ഈ വകുപ്പ്, ഗവൺമെൻറിനുവേണ്ടി ഏതെങ്കിലും കോകാച്ചെടി കൃഷി ചെയ്യുകയോ, അതിൻെറ ഏതെങ്കിലും ഭാഗം ശേഖരിക്കുകയോ ചെയ്യുന്നതിന് ബാധകമായിരിക്കുന്നതല്ല.

11. 5-ാം വകുപ്പിൻെറ ഉല്ലംഘനത്തിനുള്ള ശിക്ഷ.—5-ാം വകുപ്പോ, ആ വകുപ്പിൻകീഴിൽ ഉണ്ടാക്കപ്പെടുന്ന ഏതെങ്കിലും ചട്ടമോ, അല്ലെങ്കിൽ അതിൻകീഴിൽ നൽകുന്ന ഒരു ലൈസൻസിൻെറ ഏതെങ്കിലും ഉപാധിയോ ഉല്ലംഘിച്ചുകൊണ്ട്,—

(ക) പാപ്പച്ചെടി കൃഷി ചെയ്യുകയോ, അല്ലെങ്കിൽ

(ഖ) കറുപ്പ് നിർമ്മിക്കുകയോ,

ചെയ്യുന്ന ഏതൊരാളും, പിഴയോടുകൂടിയതോ അല്ലാത്തതോ ആയ മൂന്നുവർഷത്തോളമാകാവുന്ന തടവുശിക്ഷ നൽകി ശിക്ഷിക്കപ്പെടുന്നതാകുന്നു.

12. 6-ാം വകുപ്പിൻെറ ഉല്ലംഘനത്തിനുള്ള ശിക്ഷ.— 6-ാം വകുപ്പോ, ആ വകുപ്പിൻകീഴിലുണ്ടാക്കപ്പെടുന്ന ഏതെങ്കിലു ചട്ടമോ, അതിൻകീഴിൽ നൽകുന്ന ഒരു ലൈസൻസിലെ ഏതെങ്കിലും ഉപാധിയോ ഉല്ലംഘിച്ചുകൊണ്ട് ഏതെങ്കിലും നിർമ്മിതമയക്കുമരുന്ന് നിർമ്മിക്കുന്ന ഏതൊരാളും പിഴയോടുകൂടിയതോ അല്ലാത്തതോ ആയ മൂന്നുവർഷത്തോളമാകാവുന്ന തടവുശിക്ഷ നൽകി ശിക്ഷിക്കപ്പെടുന്നതാകുന്നു.

13. 7-ാം വകുപ്പിൻെറ ഉല്ലംഘനത്തിനുള്ള ശിക്ഷ.—7-ാം വകുപ്പോ, ആ വകുപ്പിൻകീഴിലുണ്ടാക്കപ്പെടുന്ന ഏതെങ്കിലും ചട്ടമോ, അതിൻകീഴിൽ നൽകുന്ന ഒരു ലൈസൻസിലെ ഏതെങ്കിലും ഉപാധിയോ ഉല്ലംഘിച്ചുകൊണ്ട്, ഏതെങ്കിലും അപായകരമായ മയക്കുമരുന്ന്

(ക) ഇൻഡ്യയിലേയ്ക്ക് ഇറക്കുമതി ചെയ്യുകയോ,

(ഖ) ഇൻഡ്യയിൽനിന്ന് കയററുമതി ചെയ്യുകയോ, അല്ലെങ്കിൽ

(ഗ) ഒരു വാഹനത്തിൽനിന്ന് മറെറാന്നിലേക്ക് മാററുകയോ ചെയ്യുന്ന ഏതൊരാളും പിഴയോടുകൂടിയതോ അല്ലാത്തതോ ആയ മൂന്നുവർഷത്തോളമാകാവുന്ന തടവുശിക്ഷ നൽകി ശിക്ഷിക്കപ്പെടുന്നതാകുന്നു.

14. 8-ാം വകുപ്പിന്റെ ഉല്ലംഘനത്തിനുള്ള ശിക്ഷ.—8-ാം വകുപ്പോ ആ വകുപ്പിൻകീഴിലുണ്ടാക്കപ്പെടുന്ന ഏതെങ്കിലും ചട്ടമോ, അതിൻകീഴിൽ നൽകുന്ന ഒരു ലൈസൻസിലെ ഏതെങ്കിലും ഉപാധിയോ ഉല്ലംഘിച്ചുകൊണ്ട്,

(ക) ഏതെങ്കിലും നിർമ്മിതമയക്കുമരുന്നോ കോകാ ഇലയോ പ്രവിശ്യകൾക്കിടയിൽ ഇറക്കുമതി ചെയ്യുകയോ കയററുമതി ചെയ്യുകയോ, അല്ലെങ്കിൽ പരിവഹണം ചെയ്യുകയോ, കൈവശം വയ്ക്കുകയോ, വിൽക്കുകയോ, അല്ലെങ്കിൽ

(ഖ) ഔഷധീയ കറുപ്പോ, അല്ലെങ്കിൽ മോർഫിനോ, ഡൈസെററിൽ മോർഫിനോ കൊക്കയിനോ അടങ്ങുന്ന ഏതെങ്കിലും തയ്യാരിപ്പുകളോ നിർമ്മിക്കുകയോ,

ചെയ്യുന്ന ഏതൊരാളും പിഴയോടുകുടിയതോ അല്ലാത്തതോ ആയ, മൂന്നു വർഷത്തോളമാകാവുന്ന തടവുശിക്ഷ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

15. കെട്ടിട പരിസരങ്ങൾ ഒരു കുററം ചെയ്യാൻ ഉപയോഗിക്കാൻ അനുവദിക്കുന്നതിനുള്ള ശിക്ഷ.—ഏതെങ്കിലും ഭവനമോ, മുറിയോ, വളപ്പോ, ഇടമോ, ജലയാനമോ, വാഹനമോ, സ്ഥലമോ, അതിന്റെ ഉടമസ്ഥനോ കൈവശക്കാരനോ അതിന്റെ ഉപയോഗമുള്ള ആളോ ആയിരിക്കെ, അത് മറേറതെങ്കിലും ആൾ 10-ാം വകുപ്പിനോ, 12-ാം വകുപ്പിനോ, 13-ാം വകുപ്പിനോ, 14-ാം വകുപ്പിനോ കീഴിൽ ശിക്ഷിക്കപ്പെടാവുന്ന ഒരു കുററം ചെയ്യുന്നതിന് ഉപയോഗപ്പെടുത്താൻ ബോധപൂർവം അനുവദിക്കുന്ന ഏതൊരാളും പിഴയോടുകൂടിയതോ അല്ലാത്തതോ ആയ മൂന്നുവർഷത്തോളമാകാവുന്ന തടവുശിക്ഷ നൽകി ശിക്ഷിക്കപ്പെടുന്നതാകുന്നു.

16. മുൻകുററസ്ഥാപനത്തിനുശേഷം ചില കുററങ്ങൾക്കുള്ള വർദ്ധിപ്പിച്ച ശിക്ഷ.—10-ാം വകുപ്പിനോ, 12-ാം വകുപ്പിനോ, 13-ാം വകുപ്പിനോ, 14-ാം വകുപ്പിനോ, കീഴിൽ ശിക്ഷിക്കപ്പെടാവുന്ന ഒരു കുററത്തിന് കുററസ്ഥാപനം ചെയ്യപ്പെട്ടിരിക്കെ, ആ വകുപ്പുകളിൽ ഏതിനെങ്കിലും കീഴിൽ ശിക്ഷിക്കപ്പെടാവുന്ന ഒരു കുററത്തിന് അപരാധിയാകുന്ന ഏതൊരാളും അങ്ങനെയുള്ള ഏതൊരു പിന്നീടുള്ള കുററത്തിനും, പിഴയോടുകൂടിയതോ അല്ലാത്തതോ ആയ നാലുവർഷത്തോളമാകാവുന്ന തടവുശിക്ഷയ്ക്ക് വിധേയനായിരിക്കുന്നതാണ്.

17. മുൻകുററസ്ഥാപനത്തിനുശേഷം 15-ാം വകുപ്പിൻ കീഴിലെ കുററത്തിനുള്ള വർദ്ധിപ്പിച്ച ശിക്ഷ.—15-ാം വകുപ്പിൻ കീഴിൽ ശിക്ഷിക്കപ്പെടാവുന്ന ഒരു കുററത്തിന്, കുററസ്ഥാപനം ചെയ്യപ്പെട്ടിരിക്കെ, ആ വകുപ്പിൻ കീഴിൽ ശിക്ഷിക്കപ്പെടാവുന്ന ഒരു കുററത്തിന് വീണ്ടും അപരാധിയാകുന്ന ഏതൊരാളും അങ്ങനെയുള്ള ഏതൊരു പിന്നീടുള്ള കുററത്തിനും, പിഴയോടുകൂടിയതോ, അല്ലാത്തതോ ആയ, നാലുവർഷത്തോളമാകാവുന്ന തടവുശിക്ഷയ്ക്ക് വിധേയനായിരിക്കുന്നതാണ്.

18. ചില കുററങ്ങൾ ചെയ്യാതിരിക്കുന്നതിനുള്ള ജാമ്യം.—(1) ഏതെങ്കിലും ആൾ 10-ാം വകുപ്പിനോ, 12-ാം വകുപ്പിനോ, 13-ാം വകുപ്പിനോ, 14-ാം വകുപ്പിനോ കീഴിൽ ശിക്ഷിക്കപ്പെടാവുന്ന ഒരു കുററത്തിന് കുററ

സ്ഥാപനം ചെയ്യപ്പെടുകയും, അയാളെ കുററസ്ഥാപനം ചെയ്യുന്ന കോടതിക്ക് ആ വകുപ്പുകൾക്കു കീഴിൽ ശിക്ഷിക്കപ്പെടാവുന്ന കുററങ്ങൾ ചെയ്യാതിരിക്കാൻ ഒരു ബോണ്ട് ഒപ്പിട്ട് പൂർത്തീകരിക്കണമെന്ന് അങ്ങനെയുള്ള ആളോട് ആവശ്യപ്പെടുന്നത് ആവശ്യമാണെന്ന് അഭിപ്രായമുണ്ടായിരിക്കുകയും ചെയ്യുമ്പോഴെല്ലാം, കോടതിക്ക് അങ്ങനെയുള്ള ആൾക്ക് ശിക്ഷ വിധിക്കുന്ന സമയത്ത് അയാളോടു യുക്തമെന്നു തോന്നുന്ന വിധം നിജപ്പെടുത്തുന്നതും, മൂന്നുവർഷത്തിൽ കവിയാത്തതുമായ കാലം അങ്ങനെയുള്ള കുററങ്ങൾ ചെയ്യാതിരിക്കുന്നതിനു അയാളുടെ സാമ്പത്തികശേഷിയ്ക്കു ആനുപാതികമായ ഒരു തുകയ്ക്കുള്ള ബോണ്ട്, ജാമ്യക്കാരോടുകൂടിയോ അല്ലാതേയോ, ഒപ്പിട്ട് പൂർത്തീകരിക്കണമെന്ന് ഉത്തരവ് ചെയ്യാവുന്നതാണ്.

(2) ബോണ്ട് 1-ാം പട്ടികയിൽ അടങ്ങുന്ന ഫാറത്തിലായിരിക്കേണ്ടതും, ക്രിമിനൽ നടപടി നിയമസംഹിത, 1898 (1898-ലെ 5)-ലെ വ്യവസ്ഥകൾ അവ ബാധകമാകുന്നിടത്തോളം, അങ്ങനെയുള്ള ബോണ്ടുമായി ബന്ധപ്പെട്ട എല്ലാ വിഷയങ്ങൾക്കും, അത് ആ നിയമസംഹിതയിലെ 106-ാം വകുപ്പിൻ കീഴിൽ ഒപ്പിട്ടു പൂർത്തീകരിക്കാൻ ഉത്തരവു ചെയ്യുന്ന സമാധാനപാലനത്തിനുള്ള ബോണ്ടായിരുന്നാലെന്നപോലെ ബാധകമായിരിക്കുന്നതാണ്.

(3) അപ്പീലിൻമേലോ, മററുവിധത്തിലോ കുററസ്ഥാപനം അസ്ഥിരപ്പെടുത്തുന്നുവെങ്കിൽ അപ്രകാരം ഒപ്പിട്ടുപൂർത്തീകരിച്ച ബോണ്ട് ശൂന്യമായിത്തീരുന്നതാണ്.

(4) ഈ വകുപ്പിൻകീഴിലെ ഉത്തരവ് അപ്പീൽ കോടതിക്കോ, റിവിഷൻ അധികാരങ്ങൾ പ്രായോഗിക്കുമ്പോൾ ഹൈക്കോടതിക്കോകൂടി പുറപ്പെടുവിക്കാവുന്നതാണ്.

19. 9-ാം വകുപ്പിന്റെ ഉല്ലംഘനത്തിനുള്ള ദണ്ഡനം.—9-ാം വകുപ്പിൻ കീഴിൽ നല്കപ്പെടുന്ന ഒരു ലൈസൻസിലെ ഉപാധികൾ അനുസരിച്ചല്ലാതെ, അപായകരമായ മയക്കുമരുന്ന് ഇൻഡ്യയ്ക്ക് വെളിയിൽവച്ച് ലഭിക്കുകയും, ഇൻഡ്യയ്ക്കു വെളിയിൽ ഏതെങ്കിലും ആൾക്ക് സപ്ലൈ ചെയ്യുകയും ചെയ്യുന്ന ഏതെങ്കിലും വ്യാപാരത്തിൽ ഏർപ്പെടുക.യാ അതിനെ നിയന്ത്രിക്കുകയോ ചെയ്യുന്ന ഏതൊരാളും ആയിരം രൂപയോളമാകാവുന്ന പിഴ ശിക്ഷ നൽകി ശിക്ഷിക്കപ്പെടുന്നതാകുന്നു.

20. ശ്രമങ്ങൾ.—ഈ അദ്ധ്യായത്തിൻകീഴിലെ ഒരു കുററം ചെയ്യാനോ, അങ്ങനെയുള്ള ഒരു കുററം ചെയ്യിക്കാനോ ശ്രമിക്കുകയും, അങ്ങനെയുള്ള ശ്രമത്തിൽ കുററം ചെയ്യുന്നതിലേക്കുള്ള ഏതെങ്കിലും കൃത്യം ചെയ്യുകയും ചെയ്യുന്ന ഏതൊരാളും ആ കുററത്തിനു വ്യവസ്ഥ ചെയ്യുന്ന ശിക്ഷ നൽകി ശിക്ഷിക്കപ്പെടുന്നതാകുന്നു.

21. പ്രേരണകൾ.—(1) ഇൻഡ്യൻ ശിക്ഷാനിയമസംഹിത (1860-ലെ 45) 116-ാം വകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ഈ അദ്ധ്യായത്തിൻ കീഴിൽ ശിക്ഷിക്കപ്പെടാവുന്ന ഒരു കുററത്തിന് പ്രേരണ നൽകുന്ന ഏതൊരാളും, അങ്ങനെയുള്ള പ്രേരണയുടെ അനന്തരഫലമായി അങ്ങനെയുള്ള കുററം ചെയ്യപ്പെട്ടിരുന്നാലും, ഇല്ലെങ്കിലും ആ കുററത്തിന് വ്യവസ്ഥ ചെയ്യുന്ന ശിക്ഷ നൽകി ശിക്ഷിക്കപ്പെടുന്നതാകുന്നു.

(2) ഇൻഡ്യയ്ക്കു വെളിയിലുള്ള ഒരു സ്ഥലത്തുവച്ച് ഏതു കൃത്യം ആണോ, അത്,—

(ക) ഇൻഡ്യയ്ക്കുള്ളിൽവച്ച് ചെയ്യുന്നുവെങ്കിൽ കുററമായിത്തീരുന്നത്, അല്ലെങ്കിൽ

(ബി) അങ്ങനെയുള്ള സ്ഥലത്തെ നിയമങ്ങൾക്ക് കീഴിൽ അപായകരമായ മയക്കുമരുന്നുകളെ സംബന്ധിച്ച് ഒരു കുററമായിരിക്കുകയും, അത് അങ്ങനെയുള്ള കുററമായിത്തീരാൻ വേണ്ട എല്ലാ നിയമോപാധികളും ഇൻഡ്യയിൽവച്ച് ചെയ്യുന്നുവെങ്കിൽ ആ കൃത്യം ഈ അദ്ധ്യായത്തിൻ കീഴിൽ ശിക്ഷിക്കപ്പെടാവുന്ന ഒരു കുററമായിത്തീരാൻവേണ്ട അതേ നിയമോപാധികളോ സദൃശനിയമോപാധികളോ ആയിരിക്കുകയും ചെയ്യുന്നത്;

അങ്ങനെയുള്ള ഏതെങ്കിലും കൃത്യം ചെയ്യുന്നതിന് ഇൻഡ്യയിൽ വച്ച് പ്രേരണ നല്കുന്ന ഏതൊരാളും ഈ വകുപ്പിന്റെ അർത്ഥത്തിൽ കുററത്തിന് പ്രേരണ നല്കുന്നു.

## അദ്ധ്യായം 4

### നടപടിക്രമം

22. വാറൻറുകൾ പുറപ്പെടുവിക്കാനുള്ള അധികാരം.—(1) കളക്ടർക്കോ ഇതിലേക്ക് സ്റേററുഗവൺമെൻറ് പ്രാധികാരപ്പെടുത്തുന്ന മററു ഉദ്യോഗസ്ഥനോ, അല്ലെങ്കിൽ പ്രസിഡൻസി മജിസ്ട്രേട്ടിനോ, ഒന്നാം ക്ലാസ് മജിസ്ട്രേട്ടിനോ, അല്ലെങ്കിൽ ഇതിലേക്ക് സ്റേററ് ഗവൺമെൻറ് പ്രത്യേകമായി അധികാരപ്പെടുത്തുന്ന രണ്ടാം ക്ലാസ് മജിസ്ട്രേട്ടിനോ, III-ാം അദ്ധ്യായത്തിൻ കീഴിൽ ശിക്ഷിക്കപ്പെടാവുന്ന ഒരു കുററം ചെയ്തതായി തനിക്ക് വിശ്വസിക്കാൻ കാരണമുള്ള ഏതെങ്കിലും ആളുടെ അറസ്ററിനോ അല്ലെങ്കിൽ ഏത് അപായകരമായ മയക്കുമരുന്ന് സംബന്ധിച്ചാണോ III-ാം അദ്ധ്യായത്തിൻ കീഴിൽ ശിക്ഷിക്കപ്പെടാവുന്ന കുററം ചെയ്തിട്ടുള്ളത്, അങ്ങനെയുള്ള ഏതെങ്കിലും അപായകരമായ മയക്കുമരുന്ന് സൂക്ഷിച്ചിരിക്കുകയോ ഒളിച്ചുവച്ചിരിക്കുകയോ ചെയ്യുന്നതായി തനിക്കു വിശ്വസിക്കാൻ കാരണമുള്ള ഏതെങ്കിലും കെട്ടിടത്തിന്റെയോ ജലയാനത്തിന്റെയോ സ്ഥലത്തിന്റെയോ ശോധനയ്ക്കോ അത് പകലോ രാത്രിയിലോ ആയാലും, വാറൻറ് പുറപ്പെടുവിയ്ക്കാവുന്നതാണ്.

(2) (1)-ാം ഉപവകുപ്പിൻ കീഴിലെ ഒരു ശോധന വാറൻറ് സംബോധന ചെയ്യപ്പെട്ടിട്ടുള്ള ഒരു ഉദ്യോഗസ്ഥന് 23-ാം വകുപ്പിൻകീഴിൽ പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥന്റെ എല്ലാ അധികാരങ്ങളും ഉണ്ടായിരിക്കുന്നതാണ്.

23. വാറൻറുകൂടാതെ പ്രവേശിക്കുകയും ശോധനചെയ്യുകയും പിടിച്ചെടുക്കുകയും അറസ്ററ് ചെയ്യുകയും ചെയ്യാനുള്ള അധികാരം.—(1) ഏതു അപായകരമായ മയക്കുമരുന്നു സംബന്ധിച്ചാണോ, III-ാം അദ്ധ്യായത്തിൻ കീഴിൽ ശിക്ഷിക്കപ്പെടാവുന്ന ഒരു കുററം ചെയ്യപ്പെട്ടിട്ടുള്ളത് അങ്ങനെയുള്ള ഏതെങ്കിലും അപായകരമായ മയക്കുമരുന്ന് ഏതെങ്കിലും കെട്ടിടത്തിലോ ജലയാനത്തിലോ വളച്ചുകെട്ടിയ സ്ഥലത്തോ സൂക്ഷിച്ചിരിക്കുകയോ ഒളിച്ചുവച്ചിരിക്കുകയോ ചെയ്യുന്നുണ്ടെന്നു നേരിട്ടുള്ള അറിവിൽ നിന്നോ ഏതെങ്കിലും ആരം നല്കുന്നതും എഴുതിയെടുക്കുന്നതുമായ വിവരങ്ങളിൽനിന്നോ വിശ്വസിക്കാൻ കാരണമുള്ളവനും, കേന്ദ്ര എക്സൈസ് സ്വാപകാരി, മയക്കുമരുന്നു നിയന്ത്രണം, കസ്ററംസ് റവന്യൂ, പോലീസ് അല്ലെങ്കിൽ എക്സൈസ് വകുപ്പിലെ ഒരു ശിപായിയുടേയോ കോൺസ്ററബിളിന്റേയോ പദവിക്ക് മീതെയുള്ളവനും കേന്ദ്രഗവൺമെന്റോ സ്റേററ് ഗവൺമെന്റോ ഇതിലേക്ക് പ്രാധികാരപ്പെടുത്തുന്നവനുമായ ഏതെങ്കിലും ഉദ്യോഗസ്ഥന് സൂര്യോദയത്തിനും സൂര്യാസ്തമയത്തിനും ഇടയ്ക്ക്

(ക) അങ്ങനെയുള്ള ഏതെങ്കിലും കെട്ടിടത്തിലോ, ജലയാനത്തിലോ, സ്ഥലത്തോ പ്രവേശിക്കുകയും,

(ഖ) എതിർപ്പുണ്ടാകുന്ന സംഗതിയിൽ ഏതെങ്കിലും വാതിൽ കുത്തി ത്തുറക്കുകയും, അങ്ങനെ പ്രവേശിക്കുന്നതിനുള്ള മറേറതെങ്കിലും തടസ്സം നീക്കം ചെയ്യുകയും,

(ഗ) അങ്ങനെയുള്ള മയക്കുമരുന്നും, അതിന്റെ നിർമ്മാണത്തിന ഉപയോഗിക്കുന്ന എല്ലാ പദാർത്ഥങ്ങളും, 33-ാം വകുപ്പിൻകീഴിൽ കണ്ടു കെട്ടലിന് വിധേയമാണെന്ന് തനിക്ക് വിശ്വസിക്കാൻ കാരണമുള്ള മറേറതെങ്കിലും സാധനവും, അങ്ങനെയുള്ള മരുന്ന് സംബന്ധിച്ച് III-ാം അദ്ധ്യായ ത്തിൻകീഴിൽ ശിക്ഷിക്കപ്പെടാവുന്ന ഒരു കുററം ചെയ്തതിന്റെ തെളിവ് നൽകുമെന്ന് തനിക്ക് വിശ്വസിക്കാൻ കാരണമുള്ള ഏതെങ്കിലും രേഖയും അല്ലെങ്കിൽ മററു സാധനവും പിടിച്ചെടുക്കുകയും,

(ഘ) അങ്ങനെയുള്ള മയക്കുമരുന്ന് സംബന്ധിച്ച് III-ാം അദ്ധ്യായ ത്തിൻ കീഴിൽ ശിക്ഷിക്കപ്പെടാവുന്ന ഒരു കുററം ചെയ്തിട്ടുണ്ടെന്ന് തനിക്ക് വിശ്വസിക്കാൻ കാരണമുള്ള ഏതെങ്കിലും ആളെ തടഞ്ഞുവയ്ക്കുകയും ശോധന ചെയ്യുകയും ശരിയാണെന്ന് തോന്നുന്നുവെങ്കിൽ അറസ്ററു ചെയ്യുകയും,

ചെയ്യാവുന്നതാണ്:

എന്നാൽ, തെളിവ് ഒളിക്കുന്നതിനുള്ള അവസരമോ, ഒരു കുററ ക്കാരൻ രക്ഷപ്പെടുന്നതിനുള്ള സൗകര്യമോ നല്കാതെ, ഒരു ശോധന വാറൻറ് ലഭിക്കാൻ കഴിയുകയില്ലെന്ന് വിശ്വസിക്കാൻ കാരണമുണ്ടെങ്കിൽ അങ്ങനെയുള്ള ഉദ്യോഗസ്ഥന് തന്റെ വിശ്വാസത്തിനുള്ള കാരണങ്ങൾ റിക്കാർഡാക്കിയതിനുശേഷം അങ്ങനെയുള്ള കെട്ടിടത്തിലോ ജലയാനത്തിലോ വളച്ചുകെട്ടിയ സ്ഥലത്തോ സൂര്യാസ്തമനത്തിനും സൂര്യോദയത്തിനുമിട യ്ക്കുള്ള ഏതു സമയത്തും പ്രവേശിക്കുകയും ശോധന ചെയ്യുകയും ചെയ്യാവുന്നതാണ്.

(2) ഒരു ഉദ്യോഗസ്ഥൻ (1)-ാം ഉപവകുപ്പിൻ കീഴിൽ ഏതെങ്കിലും വിവരം എഴുതി എടുക്കുകയോ, അല്ലെങ്കിൽ അതിലെ പരിമിതി വ്യവ സ്ഥയിൻ കീഴിൽ തന്റെ വിശ്വാസത്തിനുള്ള കാരണങ്ങൾ റിക്കാർഡാക്കു കയോ, ചെയ്യുന്നിടത്ത്, അയാൾ അതിന്റെ ഒരു പകർപ്പ് തന്റെ തൊട്ടു മുകളിലുള്ള ഉദ്യോഗസ്ഥന് ഉടനടി അയയ്ക്കേണ്ടതാകുന്നു.

24. **പൊതു സ്ഥലങ്ങളിൽവച്ച് പിടിച്ചെടുക്കാനും അറസ്ററ് ചെയ്യാനും ഉള്ള അധികാരം.**—23-ാം വകുപ്പിൽ പറഞ്ഞിട്ടുള്ള വകുപ്പുകളിൽ ഏതിലെയെങ്കിലും ഏതെങ്കിലും ഉദ്യോഗസ്ഥന്

(ക) ഏതു് അപായകരമായ മയക്കുമരുന്ന് സംബന്ധിച്ചാണോ III-ാം അദ്ധ്യായത്തിൻകീഴിൽ ശിക്ഷിക്കപ്പെടാവുന്ന ഒരു കുററം ചെയ്തിട്ടു ണ്ടെന്ന് തനിക്ക് വിശ്വസിക്കാൻ കാരണമുള്ളത് അങ്ങനെയുള്ള ഏതെങ്കിലും അപായകരമായ മയക്കുമരുന്നും അതോടൊപ്പം 33-ാം വകുപ്പിൻകീഴിൽ കണ്ടു കെട്ടലിന് വിധേയമായ മറേറതെങ്കിലും സാധനവും, അങ്ങനെയുള്ളമയക്കു മരുന്ന് സംബന്ധിച്ച് III-ാം അദ്ധ്യായത്തിൻകീഴിൽ ശിക്ഷിക്കപ്പെടാവുന്ന ഒരു കുററം ചെയ്തതിന്റെ തെളിവ് നല്കുമെന്ന് തനിക്ക് വിശ്വസിക്കാൻ കാരണമുള്ള ഏതെങ്കിലും രേഖയും, അല്ലെങ്കിൽ മററ് സാധനവും ഏതെങ്കിലും പൊതുസ്ഥലത്തുവച്ചു അല്ലെങ്കിൽ മാർഗ്ഗമദ്ധ്യേ പിടിച്ചെടുക്കുകയും,

(ഖ) III-ാം അദ്ധ്യായത്തിൻകീഴിൽ ശിക്ഷിക്കപ്പെടാവുന്ന ഒരു കുററം ചെയ്തിട്ടുണ്ടെന്ന് തനിക്ക് വിശ്വസിക്കാൻ കാരണമുള്ള ഏതെങ്കിലും ആളെ തടഞ്ഞുവയ്ക്കുകയും ശോധന ചെയ്യുകയും, അയാളുടെ കൈവശം ഏതെങ്കിലും അപായകരമായ മയക്കുമരുന്ന് ഉണ്ടായിരിക്കുകയും, അങ്ങനെയുള്ള കൈവശം നിയമവിരുദ്ധമാണെന്ന് തനിക്ക് തോന്നുകയും ചെയ്യുന്നുവെങ്കിൽ, അയാളേയും അയാളുടെ കൂട്ടത്തിലുള്ള മറേറതെങ്കിലും ആളുകളേയും അറസ്ററു ചെയ്യുകയും, ചെയ്യാവുന്നതാണ്.

25. ശോധനകളും അറസ്ററുകളും ചെയ്യുന്നതിന്റെ സമ്പ്രദായം.—ക്രിമിനൽ നടപടി നിയമസംഹിത, 1898- (1898ലെ 5)-ലെ വ്യവസ്ഥകൾ, അവ 22-ം 23-ം 24-ം വകുപ്പുകളിലെ വ്യവസ്ഥകൾക്ക് അസംഗതമല്ലാത്തിടത്തോളം, ആ വകുപ്പുകളിൻകീഴിൽ പുറപ്പെടുവിക്കുന്ന എല്ലാ വാറന്റുകൾക്കും, ചെയ്യുന്ന എല്ലാ അറസ്ററുകൾക്കും, ശോധനകൾക്കും ബാധകമായിരിക്കുന്നതാണ്.

26. അന്യോന്യം സഹായിക്കാൻ ഉദ്യോഗസ്ഥൻമാർക്കുള്ള കടപ്പാടുകൾ.—23-ാം വകുപ്പിൽ പറഞ്ഞിട്ടുള്ള വിവിധ വകുപ്പുകളിലെ എല്ലാ ഉദ്യോഗസ്ഥൻമാരും, നോട്ടീസ് നല്കുകയോ അഭ്യർത്ഥിക്കുകയോ ചെയ്യുന്നതിൻമേൽ, ഈ ആക്ററിലെ വ്യവസ്ഥകൾ നടപ്പാക്കുന്നതിൽ അന്യോന്യം സഹായിക്കാൻ നിയമപ്രകാരം ബാദ്ധ്യസ്ഥരായിരിക്കുന്നതാണ്.

27. അറസ്ററുകളും പിടിച്ചെടുക്കലുകളും റിപ്പോർട്ട് ചെയ്യൽ.—ഏതെങ്കിലും ആൾ, ഈ ആക്ററിൻകീഴിൽ ഏതെങ്കിലും അറസ്ററോ പിടിച്ചെടുക്കലോ നടത്തുമ്പോഴെല്ലാം അയാൾ അങ്ങനെയുള്ള അറസ്ററിനോ പിടിച്ചെടുക്കലിനോ ശേഷം നാല്പത്തെട്ടുമണിക്കൂറിനുള്ളിൽ അങ്ങനെയുള്ള അറസ്ററിന്റേയോ പിടിച്ചെടുക്കലിന്റേയോ എല്ലാ വിവരങ്ങളുടേയും ഒരു പൂർണ്ണ റിപ്പോർട്ട് തന്റെ തൊട്ടുമീതെയുള്ള ഉദ്യോഗസ്ഥന് നൽകേണ്ടതാകുന്നു.

28. അസഹ്യതയുണ്ടാക്കുന്ന പ്രവേശനത്തിനോ ശോധനയ്ക്കോ പിടിച്ചെടുക്കലിനോ അറസ്ററിനോ ഉള്ള ശിക്ഷ.—23-ാം വകുപ്പിനോ 24-ാം വകുപ്പിനോ കീഴിൽ അധികാരപ്പെടുത്തപ്പെട്ടിട്ടുള്ള ഏതൊരാളാണോ—

(ക) സംശയത്തിനു ന്യായമായ കാരണങ്ങൾ കൂടാതെ, ഏതെങ്കിലും കെട്ടിടത്തിലോ ജലയാനത്തിലോ സ്ഥലത്തോ പ്രവേശിക്കുകയോ, ശോധന ചെയ്യുകയോ, പ്രവേശിപ്പിക്കുകയോ ശോധന ചെയ്യിക്കുകയോ, അല്ലെങ്കിൽ,

(ഖ) ഏതെങ്കിലും അപായകരമായ മയക്കുമരുന്നോ 33-ാം വകുപ്പിൻകീഴിൽ കണ്ടുകെട്ടലിന് വിധേയമായ മററു സാധനമോ, പിടിച്ചെടുക്കുകയോ അതിനുവേണ്ടി ശോധന ചെയ്യുകയോ, അല്ലെങ്കിൽ 23-ാം വകുപ്പിനോ 24-ാം വകുപ്പിനോ കീഴിൽ പിടിച്ചെടുക്കലിന് വിധേയമായ ഏതെങ്കിലും രേഖയോ മററുസാധനമോ പിടിച്ചെടുക്കുകയോ ചെയ്യുകയാണെന്ന വ്യാജേന ഏതെങ്കിലും ആളുടെ വസ്തു, അസഹ്യതയുണ്ടാക്കുന്നവിധമായും അനാവശ്യമായും പിടിച്ചെടുക്കുകയോ, അല്ലെങ്കിൽ

(ഗ) ഏതെങ്കിലും ആളെ, അസഹ്യതയുണ്ടാക്കുന്നവിധമായും അനാവശ്യമായും തടഞ്ഞുവയ്ക്കുകയോ, ശോധനചെയ്യുകയോ, അറസ്ററുചെയ്യുകയോ,

ചെയ്യുന്നത് അയാൾ അഞ്ഞൂറു രൂപയോളമാകാവുന്ന പിഴശിക്ഷ നൽകി ശിക്ഷിക്കപ്പെടുന്നതാകുന്നു.

29. അറസ്ററു ചെയ്യപ്പെട്ട ആളുകളേയും പിടിച്ചെടുക്കപ്പെട്ട സാധനങ്ങളും കൈകാര്യം ചെയ്യൽ.—(1) 22-ാം വകുപ്പിൻകീഴിൽ പുറപ്പെടുവിക്കുന്ന ഒരു വാറന്റിൻകീഴിൽ അറസ്ററു ചെയ്യപ്പെടുന്ന ഏതൊരാളേയും,

പിടിച്ചെടുക്കപ്പെടുന്ന ഏതൊരു സാധനവും വാറന്റ് പുറപ്പെടുവിച്ച
അധികാരസ്ഥാനത്തേക്ക് കാലതാമസം കൂടാതെ അയയ്ക്കേണ്ടതും 23-ാം
വകുപ്പിനോ 24-ാം വകുപ്പിനോ കീഴിൽ അറസ്ററു ചെയ്യപ്പെടുന്ന ഏതൊരാ
ളേയും പിടിച്ചെടുക്കപ്പെടുന്ന ഏതൊരു സാധനവും, കാലതാമസം കൂടാതെ
ഏററവും അടുത്ത പോലീസ് സ്റേറഷന്റെ ചാർജ്ജുള്ള ഉദ്യോഗസ്ഥന്റേയോ
അല്ലെങ്കിൽ എക്സൈസ് വകുപ്പിലെ 30-ാം വകുപ്പിൻ കീഴിൽ അധികാരപ്പെ
ടുത്തിയ ഏററവും അടുത്തുള്ള ഉദ്യോഗസ്ഥന്റേയോ അടുക്കലോ അയയ്
ക്കേണ്ടതുമാകുന്നു.

(2) ഏതു അധികാരസ്ഥാനത്തേക്കോ ഉദ്യോഗസ്ഥന്റെ അടുക്കലോ
ആണ് ഈ വകുപ്പിൻ കീഴിൽ ഏതെങ്കിലും ആളേയോ സാധനമോ
അയയ്ക്കുന്നതും ആ അധികാരസ്ഥാനമോ ഉദ്യോഗസ്ഥനോ അങ്ങനെ
യുള്ള ആളേയോ സാധനമോ നിയമമനുസരിച്ച് കൈകാര്യം ചെയ്യുന്നതിന്
ആവശ്യകമായ നടപടികൾ, സൗകര്യപ്പെടുന്നിടത്തോളം വേഗത്തിൽ, എടു
ക്കേണ്ടതാകുന്നു.

എക്സൈസ് ഉദ്യോഗസ്ഥൻമാരിൽ ഒരു പോലീസ് സ്റേറഷന്റെ
30. എക്സൈസ് ഉദ്യോഗസ്ഥന്റെ അധികാരങ്ങൾ നിക്ഷിപ്തമാക്കാനുള്ള അധി
ചാർജ്ജുള്ള ഉദ്യോഗസ്ഥന്റെ അധികാരങ്ങൾ നിക്ഷിപ്തമാക്കാനുള്ള അധി
ചാർജ്ജുള്ള ഉദ്യോഗസ്ഥന്റെ ഈ ആക്ററിൻകീഴിലെ കുററങ്ങളുടെ
കാരം.—സ്റേററ് ഗവൺമെൻറിന് ഈ ആക്ററിൻകീഴിലെ കുററങ്ങളുടെ
അന്വേഷണത്തിനായി എക്സൈസ് വകുപ്പിലെ ഏതെങ്കിലും ഉദ്യോഗ
സ്ഥനിലോ അങ്ങനെയുള്ള ഏതെങ്കിലും തരം ഉദ്യോഗസ്ഥൻമാരിലോ, ഒരു
പോലീസ്സ്റേറഷന്റെ ചാർജ്ജുള്ള ഉദ്യോഗസ്ഥന്റെ അധികാരങ്ങൾ
നിക്ഷിപ്തമാക്കാവുന്നതാണ്.

31. [കുററങ്ങൾ വിചാരണ ചെയ്യാനുള്ള അധികാരിത] 1957-ലെ 52-ാം
നമ്പർ ആക്ററ് 9-ാം വകുപ്പിനാൽ റദ്ദാക്കപ്പെട്ടു.

32. നിയമവിരുദ്ധ സാധനങ്ങളുടെ കൈവശത്തിൽനിന്നുള്ള അനു
മാനം.—ഈ ആക്ററിൻകീഴിലെ വിചാരണകളിൽ, വിപരീതമായതു തെളി
യിക്കാത്തപക്ഷവും, തെളിയിക്കുന്നതുവരേയും, ഏതിന്റെ കൈവശമാണോ
പ്രതി എങ്ങനെ കിട്ടിയതാണെന്നു തൃപ്തികരമായി കാണിക്കാതിരി
ക്കുന്നതും, അങ്ങനെയുള്ള—

(ക) ഏതെങ്കിലും അപായകരമായ മയക്കുമരുന്നോ,
(ഖ) അയാൾ കൃഷി ചെയ്തിട്ടുള്ള ഏതെങ്കിലും ഭൂമിയിൽ വളരുന്ന
ഏതെങ്കിലും പാപ്പിയോ, കോകാച്ചെടിയോ,
(ഗ) ഏതെങ്കിലും അപായകരമായ മയക്കുമരുന്നിന്റെ നിർമ്മാണ
ത്തിനുവേണ്ടി പ്രത്യേകമായി രൂപകല്പനം ചെയ്തിട്ടുള്ള ഏതെങ്കിലും
ഉപകരണമോ അതിനുവേണ്ടി പ്രത്യേകമായി അനുയോജ്യമാക്കിയിട്ടുള്ള
ഏതെങ്കിലും വീട്ടുപാത്രങ്ങളുടെ കൂട്ടമോ,
(ഘ) ഒരു അപായകരമായ മയക്കുമരുന്നിന്റെ നിർമ്മാണത്തിലേക്കുള്ള
ഏതെങ്കിലും പ്രക്രിയയ്ക്ക് വിധേയമായിട്ടുള്ള ഏതെങ്കിലും പദാർത്ഥ
ങ്ങളോ, അല്ലെങ്കിൽ ഏതു പദാർത്ഥങ്ങളിൽ നിന്നാണോ ഒരു അപായകരമായ
മയക്കുമരുന്ന് നിർമ്മിച്ചിട്ടുള്ളത്, ആ പദാർത്ഥങ്ങളിൽ ബാക്കിയുള്ള
ഏതെങ്കിലും അവശേഷമോ,
സംബന്ധിച്ച് അയാൾ III-ാം അദ്ധ്യായത്തിൻ കീഴിൽ ഒരു കുററം
ചെയ്തിട്ടുള്ളതായി അനുമാനിക്കാവുന്നതാണ്.

33. നിയമവിരുദ്ധ സാധനങ്ങളുടെ കണ്ടുകെട്ടലിനുള്ള വിധേയതം—
(1) III-ാം അദ്ധ്യായത്തിൻകീഴിൽ ശിക്ഷിക്കപ്പെടാവുന്ന ഏതെങ്കിലും കുററം
ചെയ്തിട്ടുള്ളപ്പോഴെല്ലാം ഏതു അപായകരമായ മയക്കുമരുന്നും പദാർത്ഥ

ങ്ങളും, ഉപകരണവും വീട്ടുപാത്രങ്ങളും സംബന്ധിച്ചോ, അവ മുഖേനയോ ആണോ അങ്ങനെയുള്ള കുററം ചെയ്തിട്ടുള്ളത് ആ അപായകരമായ മയക്കുമരുന്നും പദാർത്ഥങ്ങളും ഉപകരണവും വീട്ടുപാത്രങ്ങളും കണ്ടുകെട്ടലിന് വിധേയമായിരിക്കുന്നതാണ്.

(2) (1)-ാം ഉപവകുപ്പിൻ കീഴിൽ കണ്ടുകെട്ടലിനു വിധേയമായ ഏതെങ്കിലും അപായകരമായ മയക്കുമരുന്നിനോടൊപ്പമോ, അതിന് പുറമേയോ നിയമാനുസൃതം ഇറക്കുമതി ചെയ്യുകയോ, പരിവഹണം ചെയ്യുകയോ, നിർമ്മിക്കുകയോ കൈവശം വയ്ക്കുകയോ വില്ക്കുകയോ ചെയ്യുന്ന ഏതെങ്കിലും അപായകരമായ മയക്കുമരുന്നും, (1)-ാം ഉപവകുപ്പിൻ കീഴിൽ കണ്ടുകെട്ടലിന് വിധേയമായ ഏതെങ്കിലും അപായകരമായ മയക്കുമരുന്നോ പദാർത്ഥങ്ങളോ, ഉപകരണമോ വീട്ടുപാത്രങ്ങളോ ഉള്ളിൽ കണ്ടെത്തുന്ന പാത്രങ്ങളും, പാക്കേജുകളും, ആവരണങ്ങളും അങ്ങനെയുള്ള പാത്രങ്ങളിലോ പാക്കേജുകളിലോ മററു വല്ല ഉള്ളടക്കവും ഉണ്ടെങ്കിൽ അതും, അതു വഹിച്ചുകൊണ്ടുപോകുന്നതിന് ഉപയോഗിക്കപ്പെടുന്ന മൃഗങ്ങളും വണ്ടികളും ജലയാനങ്ങളും മററു വാഹനങ്ങളും, സദൃശരീതിയിൽ കണ്ടുകെട്ടലിന് വിധേയമായിരിക്കുന്നതാണ്.

എന്നാൽ, യാതൊരു മൃഗവും വണ്ടിയും, ജലയാനവും അല്ലെങ്കിൽ മററു വാഹനവും അതിൻെറ ഉടമസ്ഥന് കുററം ചെയ്യപ്പെടുകയായിരുന്നുവെന്നോ ചെയ്യപ്പെടാൻ പോവുകയായിരുന്നുവെന്നോ ചെയ്യപ്പെടാൻ ഇടയുണ്ടായിരുന്നുവേന്നോ അറിയാമായിരുന്നുവെന്ന് തെളിയിക്കപ്പെടാത്തപക്ഷം, കണ്ടുകെട്ടലിന് വിധേയമായിരിക്കുന്നതല്ല.

34. കണ്ടുകെട്ടലുകൾ നടത്തുന്നതിലെ നടപടിക്രമം.—(1) ഈ ആക്ററിൻ കീഴിലെ കുററങ്ങളുടെ വിചാരണയിൽ, പ്രതി കുററസ്ഥാപനം ചെയ്യപ്പെട്ടാലും കുററവിമുക്തനാക്കപ്പെട്ടാലും, കോടതി ഈ അദ്ധ്യായത്തിൻ കീഴിൽ പിടിച്ചെടുക്കപ്പെടുന്ന ഏതെങ്കിലും സാധനം 33-ാം വകുപ്പിൻ കീഴിൽ കണ്ടുകെട്ടലിന് വിധേയമാണോ എന്ന് തീരുമാനിക്കേണ്ടതും, ആ സാധനം അപ്രകാരം വിധേയമാണെന്ന് അതു തീരുമാനിക്കുന്നുവെങ്കിൽ, കോടതിക്ക് അതനുസരിച്ച് കണ്ടുകെട്ടൽ ഉത്തരവ് ചെയ്യാവുന്നതുമാണ്.

(2) ഈ അദ്ധ്യായത്തിൻകീഴിൽ പിടിച്ചെടുക്കപ്പെടുന്ന ഏതെങ്കിലും സാധനം 33-ാം വകുപ്പിൻകീഴിൽ കണ്ടുകെട്ടലിന് വിധേയമാണെന്ന് കാണുകയും, എന്നാൽ, അതുസംബന്ധിച്ച് കുററം ചെയ്ത ആളെ അറിയാതിരിക്കുകയോ കണ്ടെത്താതിരിക്കുകയോ ചെയ്യുകയും ചെയ്യുന്നിടത്ത്, കലക്ടർക്കോ സ്റേററ് ഗവൺമെൻറ് ഇതിലേക്ക് പ്രാധികാരപ്പെടുത്തുന്ന മററ് ഉദ്യോഗസ്ഥനോ, അങ്ങനെയുള്ള വിധേയതയെക്കുറിച്ച് അന്വേഷണ വിചാരണ ചെയ്യുകയും തീരുമാനിക്കുകയും ചെയ്യാവുന്നതും അതനുസരിച്ച് കണ്ടുകെട്ടൽ ഉത്തരവു ചെയ്യാവുന്നതും ആകുന്നു.

എന്നാൽ, ഒരു സാധനത്തിൻെറ കണ്ടുകെട്ടലിനുള്ള യാതൊരു ഉത്തരവും പിടിച്ചെടുത്ത തീയതി മുതൽ ഒരു മാസം കഴിയുന്നതുവരേയോ, അല്ലെങ്കിൽ അതിന് ഏതെങ്കിലും അവകാശം ഉന്നയിക്കുന്ന ഏതെങ്കിലും ആൾക്ക് പറയാനുള്ളതും, അയാളുടെ അവകാശം സംബന്ധിച്ച് അയാൾ ഹാജരാക്കുന്ന തെളിവുവല്ലതുമുണ്ടെങ്കിൽ, അതും കേൾക്കാതേയോ പുറപ്പെടുവിക്കാൻ പാടുള്ളതല്ല.

എന്നു മാത്രമല്ല, അപായകരമായ മയക്കുമരുന്നല്ലാത്ത അങ്ങനെയുള്ള ഏതെങ്കിലും സാധനം വേഗത്തിലും സ്വാഭാവികമായും ഉള്ള നാശത്തിനു വിധേയമായിരിക്കുകയോ, അല്ലെങ്കിൽ അതിൻെറ വിൽപ്പന ഉടമസ്ഥൻെറ ഗുണത്തിനായിരിക്കുമെന്ന് കളക്ടർക്കോ മററു ഉദ്യോഗസ്ഥനോ തോന്നി

പ്രായമുണ്ടായിരിക്കുകയോ ചെയ്യുന്നുവെങ്കിൽ, അയാറ്ക്ക് അത് വില്ക്കാൻ ഏതു സമയത്തും നിർദേശിക്കാവുന്നതും, ഈ ഉപവകുപ്പിലെ വ്യവസ്ഥകറ, പ്രായോഗികമായതിനു കഴിയുന്നത്ര അടുത്തു വരുന്നിടത്തോളം, വില്പുകിട്ടുന്ന അററവരവിനു ബാധകമായിരിക്കുന്നതുമാകുന്നു.

(3) കുററസ്ഥാപനം ചെയ്യപ്പെടാത്തവനും ഈ വകുപ്പിൻ കീഴിൽ കണ്ടുകെട്ടിയ വസ്തുവിൽ ഏതെങ്കിലും അവകാശം ഉന്നയിക്കുന്നവനുമായ ഏതെങ്കിലും ആറക്ക് കണ്ടുകെട്ടൽ ഉത്തരവിനെതിരായി സെഷൻസ് കോടതിയിലേക്ക് അപ്പീൽ കൊടുക്കാവുന്നതാണ്.

35. കണ്ടുകെട്ടിയ സാധനങ്ങറ കൈകാര്യം ചെയ്യുന്നതും പ്രതിഫലങ്ങളും ക്രമപ്പെടുത്തുന്ന ചട്ടങ്ങറ ഉണ്ടാക്കാനുള്ള അധികാരം.— ഈ ആക്ററിൻ കീഴിൽ, സ്റേററു ഗവൺമെൻറ് ഉണ്ടാക്കേണ്ടതായിട്ടുള്ള ചട്ടങ്ങറക്ക് ഏതിരായ കുററങ്ങറ സംബന്ധിച്ച് സ്റേററു ഗവൺമെൻറിനും, മററു കുററങ്ങറ സംബന്ധിച്ച് കേന്ദ്രഗവൺമെൻറിനും—

(ക) ഈ ആക്ററിൻ കീഴിൽ കണ്ടുകെട്ടപ്പെടുന്ന എല്ലാ സാധനങ്ങളുടേയും കൈകാര്യവും,

(ഖ) ഈ ആക്ററിൻ കീഴിലെ പിഴകളുടേയും കണ്ടുകെട്ടലുകളുടേയും വരവിൽനിന്ന് ഉദ്യോഗസ്ഥന്മാർക്കും വിവരം അറിയിക്കുന്നവർക്കും, മററ് ആളുകറക്കും കൊടുക്കേണ്ട പ്രതിഫലങ്ങളും,

ക്രമപ്പെടുത്തുന്നതിന് ചട്ടങ്ങറ ഉണ്ടാക്കാവുന്നതാണ്.

## അദ്ധ്യായം V

## പലവക

36. ചട്ടങ്ങറ സംബന്ധിച്ച വ്യവസ്ഥകറ.— (1) ഈ ആക്ററിൻ കീഴിലുണ്ടാക്കപ്പെടുന്ന എല്ലാ ചട്ടങ്ങളും മുൻകൂട്ടി പ്രസിദ്ധപ്പെടുത്തണമെന്ന ഉപാധിയ്ക്ക് വിധേയമായിരിക്കുന്നതാണ്.

(2) ഈ ആക്ററിൻ കീഴിൽ ഉണ്ടാക്കപ്പെടുന്ന ചട്ടങ്ങറ ഔദ്യോഗിക ഗസററിൽ പ്രസിദ്ധപ്പെടുത്തേണ്ടതാകുന്നു.

37. ഗവൺമെൻറിന് കിട്ടാനുള്ള തുകകറ വസൂലാക്കൽ.— (1) ഈ ആക്ററിൻ കീഴിൽ ഉണ്ടാക്കപ്പെടുന്ന ഏതെങ്കിലും ചട്ടപ്രകാരം ചാർജ്ജ് ചെയ്യാവുന്ന ഏതെങ്കിലും ലൈസൻസ് ഫീസിൻെറ ഏതെങ്കിലും കുടിശ്ശിക, അതു കൊടുക്കാൻ പ്രാഥമികമായി സാദ്ധ്യതയുള്ള ആളിൽനിന്നോ, അല്ലെങ്കിൽ അയാളുടെ ജാമ്യക്കാരിൽ നിന്നോ, (വല്ലവരും ഉണ്ടെങ്കിൽ) ഭൂമിക്കരക്കുടിശ്ശിക ആയിരുന്നാലെന്നപോലെ വസൂലാക്കപ്പെടാവുന്നതാണ്.

(2) ഏതെങ്കിലും ആറ, ഈ ആക്ററിൻകീഴിൽ ഉണ്ടാക്കപ്പെടുന്ന ഏതെങ്കിലും ചട്ടം അനുസരിച്ചുകൊണ്ട് ഏതെങ്കിലും കൃത്യത്തിൻെറ നിർവ്വഹണത്തിനോ, ഏതെങ്കിലും കൃത്യം ചെയ്യാതിരിക്കുന്നതിനോ, ഒരു ബാണ്ട് (18-ാം വകുപ്പിൻ കീഴിലുള്ള ബോണ്ടല്ലാത്ത) നൽകുമ്പോറ, അങ്ങനെയുള്ള നിർവ്വഹണമോ ചെയ്യാതിരിക്കലോ, ഇൻഡ്യൻ കാൺട്രാക്ററ് ആക്ററ് (1972-ലെ 9) 74-ാം വകുപ്പിൻെറ അർത്ഥത്തിൽ, ഒരു പബ്ലിക് ഡ്യൂട്ടിയായി കരുതപ്പെടുന്നതും, അയാറ അങ്ങനെയുള്ള ബോണ്ടിലെ വ്യവസ്ഥകറ

ലംഘിക്കുന്നതിന്മേൽ അങ്ങനെയുള്ള ലംഘനത്തിന്റെ സംഗതിയിൽ കൊടുക്കേണ്ടതുകയായി അതിൽ പറഞ്ഞിട്ടുള്ള മുഴുവൻ തുകയും, അയാളിൽനിന്നോ അയാളുടെ ജാമ്യക്കാരനിൽനിന്നോ, (വല്ലവരുമുണ്ടെങ്കിൽ) ഒരു ഭൂമിക്കരക്കുടിശ്ശിക ആയിരുന്നാലെന്നപോലെ വസൂലാക്കപ്പെടാവുന്നതും ആകുന്നു.

38. കടൽ കസ്റ്റംസ് ആക്റ്റ്, 1878-ന്റെ ബാധകത.— അപായകരമായ മയക്കുമരുന്നുകളുടെ ഇൻഡ്യയിലേയ്ക്കുള്ള ഇറക്കുമതിയിന്മേലും ഇൻഡ്യയിൽനിന്നുള്ള കയററുമതിയിന്മേലും അവ ഒരു വാഹനത്തിൽനിന്ന് മറെറാന്നിലേക്ക് മാററുന്നതിന്മേലും ഈ ആക്റേറാ ആക്റ്റിൻകീഴിലോ ചുമത്തുന്ന എല്ലാ നിരോധനങ്ങളും, നിയന്ത്രണങ്ങളും, കടൽ കസ്റ്റംസ് ആക്റ്റ്, 1878 (1878- ലെ 8)—ലെ 19-ാം വകുപ്പിനോ 134-ാം വകുപ്പിനോ കീഴിൽ ചുമത്തുന്ന നിരോധനങ്ങളും നിയന്ത്രണങ്ങളും ആയി കരുതപ്പെടുന്നതും, ആ ആക്റ്റിലെ വ്യവസ്ഥകൾ, അതനുസരിച്ച് ബാധകമായിരിക്കുന്നതുമാണ്

എന്നാൽ, ഏതെങ്കിലും കാര്യം ചെയ്യുന്നത്, ആ ആക്റ്റിൻകീഴിലും ഈ ആക്റ്റിൻകീഴിലും ശിക്ഷിക്കപ്പെടാവുന്ന ഒരു കുററമായിരിക്കുന്നിടത്ത്, ആ ആക്റ്റിലേയോ, ഈ വകുപ്പിലേയോ യാതൊന്നും, കുററക്കാരൻ ഈ ആക്റ്റിൻ കീഴിൽ ശിക്ഷിക്കപ്പെടുന്നതിനെ തടയുന്നതല്ല.

39. തദ്ദേശ നിയമങ്ങളും പ്രത്യേക നിയമങ്ങളും ഒഴിവാക്കൽ.— (1) ഈ ആക്റ്റിലേയോ അതിൻകീഴിൽ ഉണ്ടാക്കപ്പെടുന്ന ചട്ടങ്ങളിലേയോ യാതൊന്നും, ഏതെങ്കിലും അപായകരമായ മയക്കുമരുന്നിന്റെ ഇൻഡ്യയ്ക്കുള്ളിലെ ഉപഭോഗത്തിന്മേലോ കച്ചവടത്തിന്മേലോ, ഈ ആക്റേറാ ഈ ആക്റ്റിൻകീഴിലോ ചുമത്താത്ത ഏതെങ്കിലും നിയന്ത്രണം ചുമത്തുന്നതോ, അല്ലെങ്കിൽ ഈ ആക്റേറാ ആക്റ്റിൻകീഴിലോ ചുമത്തുന്ന തൽസ്ഥാനീയ നിയന്ത്രണത്തിലും കൂടിയപടിയിലുള്ള ഒരു നിയന്ത്രണം ചുമത്തുന്നതോ ആയ, തൽസമയം പ്രാബല്യത്തിലുള്ള ഏതെങ്കിലും പ്രവിശ്യാ ആക്റ്റിന്റേയോ, ഏതെങ്കിലും സ്റേററ്റ് നിയമ നിർമ്മാണമണ്ഡലത്തിന്റെ ആക്റ്റിന്റേയോ, അതിൻകീഴിലുണ്ടാക്കപ്പെടുന്ന ഏതെങ്കിലും ചട്ടത്തിന്റേയേ സാധുതയെ ബാധിക്കുന്നതല്ല.

(2) ഈ ആക്റ്റിലേയോ അല്ലെങ്കിൽ അതിൻകീഴിൽ ഉണ്ടാക്കപ്പെടുന്ന ചട്ടങ്ങളിലേയോ യാതൊന്നും കറുപ്പ് ആക്റ്റ്, 1857 (1857-ലെ 13) ന്റെ സാധുതയെ ബാധിക്കുന്നതല്ല.

എന്നാൽ, ഏതെങ്കിലും കാര്യം ചെയ്യുന്നത്, ആ ആക്റ്റിൻ കീഴിലും, ഈ ആക്റ്റിൻകീഴിലും ശിക്ഷിക്കപ്പെടാവുന്ന കുററമായിരിക്കുന്നിടത്ത്, ആ ആക്റ്റിലേയോ, ഈ ഉപവകുപ്പിലേയോ യാതൊന്നും കുററക്കാരൻ ഈ ആക്റ്റിൻകീഴിൽ ശിക്ഷിക്കപ്പെടുന്നതിനെ തടയുന്നതല്ല.

40. [1938-ലെ 1-ാംനമ്പർ ആക്റ്റ് 2-ാം വകുപ്പിനാലും പട്ടികയാലും റദ്ദാക്കപ്പെട്ടു.]

41. മുൻപേ ചെയ്ത കാര്യങ്ങൾ ഒഴിവാക്കൽ.— 11-ാം പട്ടികയിലെ ആദ്യത്തെ മൂന്നു കാളങ്ങളിൽ വിനിർദ്ദേശിക്കുന്ന, ഏതെങ്കിലും അധിനിയമത്തിൻകീഴിൽ ചെയ്യപ്പെട്ടിട്ടുള്ള എന്തെങ്കിലും ഈ ആക്റ്റിന്റെ പ്രാരംഭത്തിനു തൊട്ടു മുൻപ് പ്രാബല്യത്തിലിരിക്കുന്നതായാൽ അത്, ഈ ആക്റ്റിന്റെ പ്രാരംഭം മുതൽ, സംഗതി ആവശ്യപ്പെടുന്നതുപോലെ ഈ ആക്റ്റിൻകീഴിലോ, അല്ലെങ്കിൽ ഇതിനാൽ ഭേദഗതി ചെയ്യപ്പെടുന്ന ആ അധിനിയമത്തിൻകീഴിലോ, ചെയ്തിട്ടുള്ളതായി കരുതപ്പെടുന്നതാകുന്നു.

## പട്ടിക I

### അപായകരമായ മയക്കുമരുന്നുകൾ ആക്ററ് 1930—ൻ കീഴിൽ കുററങ്ങൾ ചെയ്യാതിരിക്കുന്നതിനുള്ള ബാണ്ട്

(18-ാം വകുപ്പു നോക്കുക)

.................ത്തെ (സ്ഥലം) നിവാസിയായ...............(പേര്) ആയ എന്നോട്........കാലാവധിയ്ക്കുള്ള, അപായകരമായ മയക്കുമരുന്നുകൾ ആക്ററ്, 1930-ലെ 10-ം, 12-ം, 13-ം, 14-ം വകുപ്പുകളിൻകീഴിൽ, കുററങ്ങൾ ചെയ്യാതിരിക്കുന്നതിനുള്ള ഒരു ബാണ്ടിൽ ഏർപ്പെടാൻ ആവശ്യപ്പെട്ടിരിക്കുന്നതിനാൽ മുൻപറഞ്ഞ കാലാവധിയിൽ അങ്ങനെയുള്ള ഏതെങ്കിലും കുററം ചെയ്യുകയില്ലെന്നുള്ളതിനു ഞാൻ ഇതിനാൽ സ്വയം ഏതെങ്കിലും ബാദ്ധ്യതയേല്ക്കുന്നു, ഇതിനു വീഴ്ച വരുത്തിയാൽ ഗവൺമെൻറിലേക്ക് ..........രൂപ പിഴയായി അടച്ചുകൊള്ളാമെന്നതിനു ഞാൻ ഇതിനാൽ സ്വയം ബാദ്ധ്യതയേല്ക്കുകയും ചെയ്യുന്നു.

19..........ദിവസം..........തീയതി.

ഒപ്പ്.

(ജാമ്യക്കാരോടു കൂടിയ ഒരു ബാണ്ട് ഒപ്പിട്ട് പൂർത്തീകരിക്കാനുള്ളിടത്തു കൂട്ടിച്ചേർക്കുക) :

മേൽപറഞ്ഞ ..........ക്കു വേണ്ടി, അയാൾ മുൻപറഞ്ഞ കാലാവധിയിൽ, അപായകരമായ മയക്കുമരുന്നുകൾ ആക്ററ് 1930-ലെ 10-ം, 12-ം 13-ം, 14-ം വകുപ്പുകളിൻകീഴിൽ കുററങ്ങൾ ചെയ്യാതിരിക്കുമെന്നുള്ളതിനും ഞങ്ങൾ ഇതിനാൽ സ്വയം ജാമ്യക്കാരായി പ്രഖ്യാപിക്കുന്നു; അതിന് അയാൾ വീഴ്ചവരുത്തിയാൽ ഗവൺമെൻറിലേക്ക്..........രൂപ പിഴയായി അടച്ചുകൊള്ളാമെന്ന് ഞങ്ങൾ കൂട്ടായും വെവ്വേറേയും സ്വയം ബാദ്ധ്യതയേല്ക്കുകയും ചെയ്യുന്നു.

19............മാസം............തീയതി

ഒപ്പുകൾ.

## പട്ടിക II

### [തദ്ദേശ നിയമങ്ങളുടെ ഭേദഗതി]

1938-ലെ 1-ാം നമ്പർ ആക്ററ് 2-ാം വകുപ്പിനാലും പട്ടികയാലും റദ്ദാക്കപ്പെട്ടു.